2023
APRIL
11
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

## റെക്കോഡിട്ട് സ്മാർട്ട്ഫോൺ കയറ്റുമതി



**കൊച്ചി:** 20222023 സാമ്പത്തിക വർഷം 85,000 കോടി രൂപയുടെ മൊബൈൽ ഫോൺ കയറ്റുമതി ചെയ്ത് ഇന്ത്യ. ഉപഭോക്തൃ ഇലക്ട്രോണിക്സ് ഇനങ്ങളുടെ പ്രാദേശിക ഉത്പാദനം കേന്ദ്ര സർക്കാർ പ്രോത്സാഹിപ്പിച്ചതോടെയാണ് കയറ്റുമതിയിൽ രാജ്യം റെക്കോർഡിട്ടത്.

സെല്ലുലാർ ആൻഡ് ഇലക്ട്രോണിക്സ് അസോസിയേഷൻ (ഐസിഇഎ) നൽകിയ കണക്കുകൾ പ്രകാരം 20222023 സാമ്പത്തിക വർഷം 10 ബില്യൺ ഡോളർ മൂല്യമുള്ള സ്മാർട്ട് ഫോണുകൾ ഇന്ത്യ കയറ്റുമതി ചെയ്തു.ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഇരട്ടിയാണ്. പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെൻറീവ് (പിഎൽഐ) സ്കീമുകൾ ഇതിനു സഹായകമായി. ഇന്ത്യ നിലവിൽ മൊബൈൽ ഫോണുകൾ കയറ്റുമതി ചെയ്യുന്ന 5 രാജ്യങ്ങൾ യുഎഇ, യുഎസ്, നെതർലാൻഡ്സ്, യുകെ, ഇറ്റലി എന്നിവയാണെന്ന് ഐസിഇഎയുടെ കണക്കുകൾ വ്യക്തമാക്കുന്നു.

40 ബില്യൺ ഡോളർ ഡോളറിലധികം മൂല്യമുള്ള സ്മാർട്ട് ഫോൺ ഉത്പാദനം ഇന്ത്യയിൽ നടക്കുമെന്നും കയറ്റുമതി 25 ശതമാനം ഉയരുമെന്നും ഐസിഇഎ ചെയർമാൻ പങ്കജ് മൊഹിന്ദ്രൂ നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു. ഇന്ത്യയിൽ വിൽക്കുന്ന സ്മാർട്ട് ഫോണുകളിൽ 97 ശതമാനവും ഇപ്പോൾ തദ്ദേശീയമായി ഉത്പാദിപ്പിക്കുന്നവയാണ്. ഇന്ത്യ ഇപ്പോൾ ലോകത്തിലെ രണ്ടാമത്തെ വലിയ മൊബൈൽ ഫോൺ നിർമാതാക്കളാണ്.

2022ൽ ഇന്ത്യ 8085 ശതമാനം ഐഫോണുകൾ നിർമ്മിച്ചതോടെ ചൈനയ്ക്ക് തുല്യമായി ഉയർന്നു. 2027ഓടെ ആപ്പിളിൻറെ 4550 ശതമാനം ഐഫോണുകളും ഇന്ത്യ നിർമ്മിക്കാൻ സാധ്യതയുണ്ട്. കണക്കുകൾ പ്രകാരം, ചൈനയിൽ നിന്നുള്ള സ്മാർട്ട്ഫോൺ ഉത്പാദന ശൃംഖലയുടെ കുടിയേറ്റത്തിൻറെ ഏറ്റവും വലിയ ഗുണഭോക്താക്കളായി ഇന്ത്യയും വിയറ്റ്നാമും മാറും.

2022 അവസാനത്തോടെ ഐഫോണുകളുടെ മൊത്തത്തിലുള്ള ഉത്പാദന ശേഷിയുടെ 1015 ശതമാനം ഇന്ത്യയിലാണ്. ഡിസംബറിൽ ഒരു ബില്യൺ ഡോളർ മൂല്യമുള്ള ഐഫോണുകൾ കയറ്റുമതി ചെയ്ത ഇന്ത്യയിലെ ആദ്യത്തെ സ്മാർട്ട്ഫോൺ പ്ലെയറാണ് ആപ്പിൾ. നിലവിൽ ഐഫോണുകൾ 12, 13, 14, 14 പ്ലസ് എന്നിവ രാജ്യത്ത് നിർമിക്കുന്നു.

## എണ്ണക്കമ്പനികളുടെ വിൽപ്പന നഷ്ടം: പാക്കേജിന് സാധ്യത

**കൊച്ചി:** പെട്രോൾ, ഡീസൽ, പാചക വാതകം എന്നിവ ഉത്പാദന ചെലവിനെക്കാൾ കുറഞ്ഞ വിലയിൽ വിറ്റഴിക്കുന്നതു മൂലം പൊതുമേഖലാ എണ്ണക്കമ്പനികൾ നേരിടുന്ന നഷ്ടം നികത്താൻ പുതിയ നഷ്ടപരിഹാര പാക്കെജ് പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നു. ചെറിയ ഇടവേളയ്ക്കു ശേഷം രാജ്യാന്തര വിപണിയിൽ അസംസ്കൃത എണ്ണയുടെ വില തുടർച്ചയായി ഉയർന്നതോടെ എണ്ണക്കമ്പനികൾ വലിയ നഷ്ടമാണ് നേരിടുന്നത്.

നിലവിൽ പെട്രോൾ ലിറ്ററിന് ആറ് രൂപയും ഡീസൽ അഞ്ച് രൂപയും പാചക വാതകം പത്ത് രൂപയിൽ അധികവും നഷ്ടത്തിലാണ് കമ്പനികൾ വിൽക്കുന്നത്.

നാലു മാസത്തിന് മുമ്പ് ക്രൂഡ് ഓയിൽ വില കുത്തനെ കുറഞ്ഞിട്ടും പെട്രോൾ, ഡീസൽ വിലയിൽ മാറ്റം വരുത്താതെ കമ്പനികൾക്ക് നഷ്ടം നികത്താൻ കേന്ദ്ര സർക്കാർ അവസരമൊരുക്കിയിരുന്നു. എന്നാൽ, പൊടുന്നനെ ക്രൂഡ് ഓയിൽ ഉത്പാദനം വെട്ടിക്കുറയ്ക്കാൻ ഒപെക്ക് രാജ്യങ്ങൾ തീരുമാനിച്ചതോടെ എണ്ണക്കമ്പനികൾ വീണ്ടും സമ്മർദത്തിലായി. വിവിധ സംസ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ആസന്നമായതിനാൽ ഇന്ധന വില വർധന ഉടനെന്നും സാധ്യവുമാകില്ല.

ആഗോള സാമ്പത്തിക അനിശ്ചിതത്വം മൂലം രാജ്യത്തെ നാണയപ്പെരുപ്പം അപകടകരമായി ഉയർന്നതിനാലാണ് ക്രൂഡ് ഓയിൽ വില വർധനയ്ക്ക് ആനുപാതികമായി പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ വിലയിൽ മാറ്റം വരുത്താതെ കമ്പനികൾ മുന്നോട്ടു പോയത്. ഇതിനാലാണ് യുഎസും യൂറോപ്പും ഉൾപ്പെടെയുള്ള പ്രധാന സമ്പദ്‌വ്യവസ്ഥകൾ വൻ പ്രതിസന്ധി നേരിട്ടപ്പോഴും ഇന്ത്യ വലിയ പരിക്കില്ലാതെ നിലനിന്നത്.

നാണ്യപ്പെരുപ്പം നിയന്ത്രിക്കാനുള്ള നടപടികൾക്ക് സർക്കാരിനൊപ്പം നിന്ന പൊതുമേഖലാ എണ്ണക്കമ്പനികൾക്ക് നഷ്ടം നികത്താൻ പാക്കെജ് വേണമെന്ന് പെട്രോളിയം മന്ത്രാലയം ആവശ്യപ്പെട്ടിരുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നിവയ്ക്കാണ് നഷ്ടപരിഹാരം നൽകുക.

അതേസമയം പെട്രോൾ, ഡീസൽ എക്സൈസ് തീരുവ കുറച്ചതു മൂലം കനത്ത വരുമാന നഷ്ടം നേരിടുന്നതിനാൽ പരിധിയിലധികം തുക കമ്പനികൾക്ക് നൽകാനാവില്ലെന്നാണ് ധന മന്ത്രാലയ ഉദ്യോഗസ്ഥർ പറയുന്നു.

## ഗെയിമിങ് കമ്പനികൾ പണം കടം നൽകുന്നതിന് വിലക്ക്

**ന്യൂഡൽഹി:** ഓൺലൈൻ ഗെയിം കളിക്കാനുള്ള പണം ഗെയിമിങ് കമ്പനി തന്നെ വ്യക്തിക്ക് വായ്പയായി നൽകുന്നത് കേന്ദ്രം തടഞ്ഞു. ഗെയിമിങ് കമ്പനി നേരിട്ടോ, ബന്ധമുള്ള വായ്പ ആപ്പുകൾ വഴിയോ ഇത്തരം വായ്പ നൽകുന്നത് അനുവദിക്കില്ല. ഐടി ഇന്റർമീഡിയറി ചട്ടത്തിലാണ് ഇതുസംബന്ധിച്ച ഭേദഗതി.ഗെയിമിങ് കമ്പനികൾ തന്നെ വ്യക്തികൾക്ക് പണം കടം കൊടുക്കുന്ന രീതി നിലവിലുണ്ട്. പണലഭ്യത ഉറപ്പാക്കി ഗെയിമിൽ കൂടുതൽ പണം നിക്ഷേപിക്കാൻ ഉപയോക്താക്കളെ പ്രേരിപ്പിക്കുന്നതിനു വേണ്ടിയാണിത്.

ചില ഗെയിമിങ് കമ്പനികൾ മറ്റ് പേരുകളിൽ ഡിജിറ്റൽ വായ്പ ആപ്പുകൾ നടത്തി അതുവഴി വായ്പ നൽകുന്ന രീതിയുമുണ്ട്. ഗെയിമിങ് ആസക്തിയുള്ള വ്യക്തിക്ക് പണത്തിന്റെ ആവശ്യമുണ്ടെന്ന് മനസ്സിലാക്കിയാണ് ഇത്തരം വായ്പ ആപ്പുകളുടെ കെണിയിൽപ്പെടുത്തുന്നത്. കേരളത്തിലടക്കം ഒട്ടേറെപ്പേർ വൻ കടക്കെണിയിലായത് കടം വാങ്ങിയുള്ള ഗെയിം കളിയിലൂടെയാണ്.

## കെ ഫോണിന് ബിസിനസ് പിടിക്കാൻ എസ്ആർഐടി വന്നേക്കും

**തിരുവനന്തപുരം:** കെ ഫോൺ കമ്പനിക്കു വേണ്ടി ബിസിനസ് നേടിക്കൊടുക്കുന്നതിനും കെ ഫോണിന്റെ ഗുണഭോക്താക്കൾക്കു സേവനം നൽകുന്നതിനുമുള്ള മാനേജ്ഡ് സർവീസ് പ്രൊവൈഡർ(എംഎസ്പി) ആയി ഐടി സേവന കമ്പനിയായ എസ്ആർഐടിയെ നിയമിച്ചേക്കും. മൂന്നു കമ്പനികൾ പങ്കെടുത്ത ടെൻഡറിൽ ബെംഗളൂരു ആസ്ഥാനമായ എസ്ആർഐടിയാണ് ഏറ്റവും കുറഞ്ഞ നിരക്കു കഖോട്ട് ചെയ്തത്. കമ്പനി വഴി കെ ഫോണിനു ലഭിക്കുന്ന ബിസിനസിന്റെ 10% ഇവർ ആവശ്യപ്പെട്ടു. 17നു ചേരുന്ന കെ ഫോൺ ബോർഡ് യോഗം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കും.




കമ്പനിക്കു കെ ഫോൺ ഓഫിസുകളിൽ തന്നെ പ്രവർത്തന സൗകര്യം നൽകും. പണം നൽകി കെ ഫോൺ കണക്ഷൻ വാങ്ങാൻ ഗുണഭോക്താക്കളെ കണ്ടെത്തുക, കണക്ഷൻ നൽകുക, വാടക പിരിക്കുക, ഉപയോഗിക്കാത്ത ഡാർക്ക് ഫൈബറുകൾ ബിസിനസിനായി ഉപയോഗപ്പെടുത്തുക, പുതിയ കണക്ഷനുകൾക്കു വേണ്ടി സർവേ നടത്തുക, അറ്റകുറ്റപ്പണി നിർവഹിക്കുക എന്നിവയെല്ലാം എംഎസ്പിയുടെ ചുമതലകളാണ്. ഇവർ വഴി ലഭിക്കുന്ന ബിസിനസിന്റെ വിഹിതം മാത്രം ഇവർക്കു നൽകിയാൽ മതി.

കെ ഫോൺ നേരിട്ട് കണക്ഷൻ നൽകിയ സർക്കാർ ഓഫിസുകളിലും ഇവർ സേവനം നൽകണം.

## വെസ്റ്റ് ബാങ്കിൽ സംഘർഷം രൂക്ഷം

**ജറുസലം:** അധിനിവേശ വെസ്റ്റ് ബാങ്കിലെ ഇസ്രയേൽ പലസ്തീൻ സംഘർഷം രൂക്ഷമായി തുടരുന്നു. ഇസ്രയേൽ കുടിയേറ്റ മേഖലയ്ക്കു നിയമസാധുത ആവശ്യപ്പെട്ട് മന്ത്രിമാർ നയിച്ച വൻ പ്രകടനം നടന്നു. ഇവ്യാതറിലെ കുടിയേറ്റം വ്യാപിപ്പിക്കുന്നതു പിന്തുണച്ചായിരുന്നു ആയിരങ്ങൾ പങ്കെടുത്ത റാലി. ഇതിനിടെ അഭയാർഥിക്യാംപിൽ ഇസ്രയേൽ സേനയുടെ വെടിയേറ്റ് 15 വയസ്സുള്ള പലസ്തീൻ ബാലൻ കൊല്ലപ്പെട്ടു. വെള്ളിയാഴ്ച നടന്ന വെടിവയ്പിൽ പരുക്കേറ്റ് അബോധാവസ്ഥയിലായിരുന്ന ബ്രിട്ടിഷ് ഇസ്രയേൽ വനിത ലൂസി ഡീ(45) മരിച്ചു. വെള്ളിയാഴ്ച വെസ്റ്റ് ബാങ്കിലെ ജോർദാൻ താഴ്‌വരയിൽ ലൂസിയും മക്കളായ റിനയും (15) മയയും (20) വാഹനത്തിൽ പോകുമ്പോൾ പലസ്തീൻകാരൻ നടത്തിയ വെടിവയ്പിൽ ഇരുവരും കൊല്ലപ്പെട്ടിരുന്നു. അൽ അഖ്സ പള്ളിയിലെ സംഘർഷത്തിന് 5 ദിവസമായിട്ടും അയവില്ല. ഈ വർഷം ഇതുവരെ സംഘർഷങ്ങളിൽ 19 ഇസ്രയേലുകാരും 92 പലസ്തീൻ ഭീകരരും കൊല്ലപ്പെട്ടു.

# ആവശ്യത്തിനു ഡോക്ടർമാരില്ല: ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സ മുടങ്ങുന്നു




**കോഴിക്കോട്:** ഗവ. മെഡിക്കൽ കോളജ് എല്ലുരോഗ വിഭാഗത്തിൽ ഡോക്ടർമാരുടെ കുറവു പരിഹരിക്കാത്തതു മൂലം രോഗികൾ വലയുന്നു. അനുവദിച്ച തസ്തികയിൽ 4 ഡോക്ടർമാരുടെ കുറവുണ്ട്. ഇതുൾപ്പെടെ പരിഹരിച്ച് 26 ഡോക്ടർമാരുടെ തസ്തിക അനുവദിക്കാൻ നൽകിയ അപേക്ഷ ധനവകുപ്പിന്റെ അനുമതി കാത്തുകിടക്കുകയാണ്. 6 മാസം മുൻപ് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിലെ നിർദേശ പ്രകാരം അയച്ച ഫയലാണിത്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച രോഗികൾ വരെ ശസ്ത്രക്രിയയ്ക്കു തീയതി കാത്തുകഴിയുകയാണ്. ഇതിനു പുറമേയാണ് അപകടങ്ങളിൽ പരുക്കേറ്റ് അത്യാഹിത വിഭാഗത്തിലെത്തുന്നവരുടെ ശസ്ത്രക്രിയകൾ. അതും യഥാസമയം ചെയ്യാൻ പറ്റുന്നില്ല. നേരത്തേ ഓർത്തോ വിഭാഗത്തിൽ 5 യൂണിറ്റുകൾ ഉണ്ടായിരുന്നത് ആറാക്കാൻ ശ്രമം നടക്കുന്നതിനിടയിലാണ്, അനുവദിക്കപ്പെട്ട 15 ഡോക്ടർമാരുടെ തസ്തികയിൽ 4 പേരുടെ കുറവുണ്ടായത്.

2 അസോഷ്യേറ്റ് പ്രഫസർമാർ, 2 അസിസ്റ്റന്റ് പ്രഫസർമാർ എന്നിവരുടെ ഒഴിവു വന്നിട്ടു മാസങ്ങളായി. സംസ്ഥാനത്ത് എല്ലുരോഗ വിഭാഗത്തിൽ ഏറ്റവും കൂടുതൽ പേർ ചികിത്സ തേടുന്ന മെഡിക്കൽ കോളജിന്റെ അവസ്ഥയാണിത്. ഒപി വിഭാഗത്തിൽ പ്രതിദിനം ശരാശരി 300 പേരെത്തുന്നു. പ്രധാന തിയറ്ററിൽ ഓർത്തോ വിഭാഗവുമായി ബന്ധപ്പെട്ട 8 മേജർ ശസ്ത്രക്രിയകളാണു ദിവസം നടക്കുന്നത്. അത്യാഹിത വിഭാഗത്തിലെ തിയറ്ററിൽ വലിയ 15 ശസ്ത്രക്രിയകളും ചെറിയ 20 ശസ്ത്രക്രിയകളും ശരാശരി ചെയ്യുന്നു. എല്ലുപൊട്ടി വരുന്നവർക്ക് പ്ലാസ്റ്ററിടുന്ന കേസുകൾ നൂറിലേറെയാണ്.

കൂടുതൽ ഡോക്ടർമാരെ അനുവദിച്ചാൽ 4 യൂണിറ്റ് എന്നത് ആറാക്കാം. ഇതിലൂടെ കൂടുതൽ പേരെ ചികിത്സിക്കാം. ശസ്ത്രക്രിയ ചെയ്യാനുമാകും. ഇപ്പോൾ ഏതെങ്കിലും കാരണത്താൽ തിയറ്ററുകൾക്ക് മുടക്കം വരികയോ രോഗികളുടെ ശസ്ത്രക്രിയ നീളുകയോ ചെയ്താൽ അതു മറ്റുള്ളവരുടെ ചികിത്സയെയും ബാധിക്കുന്നു.

സ്വകാര്യ ആശുപത്രികളിൽ ഒന്നര ലക്ഷം രൂപ മുതൽ 3 ലക്ഷം വരെ ചെലവു വരുന്ന വലിയ ശസ്ത്രക്രിയ ഉൾപ്പെടെയാണ് ഇവിടെ കൂടുതൽ ചെലവില്ലാതെ ചെയ്യാൻ പറ്റുന്നത്. ആരോഗ്യ ഇൻഷുറൻസിൽ ഉൾപ്പെടുത്തുമ്പോൾ പൂർണമായും സൗജന്യമായി ചെയ്യാം. തിരുവനന്തപുരത്ത് ഓർത്തോ വിഭാഗത്തിൽ 24, തൃശൂരിൽ 16 എന്നിങ്ങനെയാണ് ഡോക്ടർമാരുടെ എണ്ണം.

മെഡിസെപ്പിൽ ഉൾപ്പെട്ടവർക്ക് മുട്ട്, ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിൽ മാത്രം നടത്തണമെന്ന നിർദേശവും ഇവിടെ തിരക്കു കൂട്ടും. കാരണം,അപകടങ്ങളിൽ പരുക്കേറ്റ് മുട്ട്, ഇടുപ്പെല്ല് മാറ്റുന്നവർക്കാണ് ഇവിടെ നിലവിൽ പ്രഥമ പരിഗണന നൽകുന്നത്. ഇതിനു പുറമേ, തേയ്മാനം ഉൾപ്പെടെയുള്ള കാരണത്താൽ മുട്ടും ഇടുപ്പെല്ലും മാറ്റാൻ കൂടുതൽ രോഗികൾ വരുമ്പോൾ അതു ചികിത്സ നീളാൻ കാരണമാകും



## തീപിടിത്തം പെരുകുന്നു; വെള്ളമില്ലാതെ ഫയർ സ്റ്റേഷൻ

**വടകര:** ഫയർ സ്റ്റേഷനിൽ ആവശ്യത്തിന് വെള്ളമില്ലാത്തതിനാൽ അടിക്കാടുകൾക്ക് തീ പടരുന്നത് അണയ്ക്കാൻ പാടുപെട്ട് അഗ്നിശമന സേന. ജല അതോറിറ്റിയുടെ വെള്ളം കൃത്യമായി കിട്ടാത്തതിനാൽ പുറമേയുള്ള കുളവും മറ്റു ജലാശയങ്ങളും തേടി പോവുകയാണ് അഗ്നിശമന സേനാംഗങ്ങൾ. നേരത്തേ ആഴ്ചയിൽ രണ്ടു ദിവസം ജല അതോറിറ്റിയുടെ വിതരണമുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ ചുരുങ്ങിയ ദിവസം മാത്രമേ വെള്ളം കിട്ടിയുള്ളൂ. സ്റ്റേഷനിൽ കെട്ടിയ 35,000 ലീറ്റർ സംഭരണ ശേഷിയുള്ള ടാങ്കിൽ നിന്നാണ് തീ അണയ്ക്കാനുള്ള വെള്ളം എടുക്കുന്നത്. എന്നാൽ വേനൽ ശക്തമായതോടെ ഒരു ദിവസം 5 തീപിടിത്ത കേസുകൾക്ക് വരെ വാഹനം കൊണ്ടു പോകേണ്ടി വരുന്നു.

വെള്ളം എളുപ്പം തീരുന്നതു കൊണ്ടു കിട്ടാവുന്ന സ്ഥലത്തു നിന്നൊക്കെ വെള്ളം ശേഖരിക്കുകയാണ്. സ്റ്റേഷനിലെ കിണർ നേരത്തേ വറ്റി. ഒരേ സമയം 16 പേർ ഡ്യൂട്ടിയിലുള്ള സ്റ്റേഷനിൽ പ്രാഥമിക ആവശ്യത്തിനു വെള്ളം പുറമേ നിന്നു കൊണ്ടു വരികയാണ്. ജനുവരി മുതൽ ഇക്കഴിഞ്ഞ ഏപ്രിൽ വരെ 64 തീപിടിത്ത കേസാണ് വടകര അഗ്നിശമന സേന കൈകാര്യം ചെയ്തത്. ഇതിൽ 90 ശതമാനവും അടിക്കാടിനു തീ പിടിച്ചതാണ്. വയലിലും മലയിലുമാണ് അധികവും. പാതയോരത്തെ ചപ്പു ചവറുകൾക്കും പുല്ലിനും തീ പിടിക്കുന്നതും വർധിക്കുകയാണ്.

ഈ സമയം വെള്ളത്തിന്റെ ലഭ്യത കുറവ് സ്റ്റേഷൻ പ്രവർത്തനത്തെ തന്നെ ബാധിക്കുന്നു. ഗവ.ആശുപത്രി, ജയിൽ തുടങ്ങിയ സ്ഥലങ്ങളി!ൽ മുഴുവൻ സമയവും ജല വിതരണം നടത്തുന്ന സംവിധാനമുണ്ടെങ്കിലും ഫയർ സ്റ്റേഷനിൽ അതിനു സൗകര്യം ചെയ്തിട്ടില്ല. തീപിടിത്തം പെരുകുന്നതിനെതിരെ ജാഗ്രത പുലർത്തണമെന്ന് അഗ്നിശമന സേന പറയുന്നുണ്ടെങ്കിലും നാ!ൾക്കു നാൾ തീപിടിത്തം തുടരുകയാണ്. പലതും സാമൂഹിക വിരുദ്ധർ തീ വയ്ക്കുന്നതാണെന്ന സംശയമുണ്ട്. വാഹനം എത്താത്ത സ്ഥലങ്ങളിൽ തീ അണയ്ക്കൽ ഏറെ പ്രയാസപ്പെടുകയാണ് സേനാംഗങ്ങൾ.



## വേനൽ ചൂടിൽ നാടുരുകുന്നു; കരുത്തോടെ തണ്ണിമത്തൻ കച്ചവടം

**മാനന്തവാടി:** വേനൽ മഴ എത്താത്തതോടെ ചൂട് കടുത്തത് അവസരമാക്കി തണ്ണിമത്തൻ കച്ചവടം നാട് നിറയുന്നു. കടുത്ത വേനലിൽ ദാഹമകറ്റാൻ വഴിയോരങ്ങളിലെ തണ്ണിമത്തൻ വിപണനത്തിനായുള്ള താൽക്കാലിക കേന്ദ്രങ്ങൾ അവസരം ഒരുക്കുകയാണ്.റമസാൻ നോമ്പുതുറ വിഭവങ്ങളിലും തണ്ണി മത്തൻ ഇക്കുറി കാര്യമായി ഇടം നേടുന്നുണ്ട്. ഇതോടെ തണ്ണിമത്തൻ കച്ചവടവും ഇരട്ടിയായി.

കർണാടകയിൽ നിന്നുള്ള കിരൺ, തമിഴ്നാട്ടിൽ നിന്നുള്ള നാംധാരി, വിശാൽ, സമാം എന്നിങ്ങനെ വിവിധ തരത്തിലുള്ള തണ്ണിമത്തനുകളാണ് വിപണിയിൽ നിറയുന്നത്.വലുപ്പത്തിലും നിറത്തിലും രുചിയിലും വൈവിധ്യമാർന്ന ഇനങ്ങൾക്കാണ് കൂടുതൽ പ്രിയം.കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത കുരുവില്ലാത്ത മഞ്ഞ നിറമുള്ള തണ്ണിമത്തനും വിപണിയിൽ പ്രിയമേറെയാണ്. തണ്ണിമത്തൻ ജ്യൂസും, തണ്ണിമത്തന്റെ തോലു കൊണ്ട് ഉണ്ടാക്കുന്ന അച്ചാറും ജനപ്രിയ ഇനങ്ങളാണ്. കിലോഗ്രാമിന് 20 മുതൽ 40 രൂപ വരെയാണ് വില.

## വരൾച്ച: ടൂറിസം മേഖലയും പ്രതിസന്ധിയിൽ



**പടിഞ്ഞാറത്തറ:** വരൾച്ച രൂക്ഷമായതോടെ ടൂറിസം മേഖലയും പ്രതിസന്ധിയിലായി. മഴ ഒട്ടും ലഭിക്കാതെ വന്നതോടെ ബാണാസുര മല മീൻമുട്ടി വെള്ളച്ചാട്ടം ടൂറിസം കേന്ദ്രം പ്രവർത്തനം അവതാളത്തിലായി. ടൂറിസം കേന്ദ്രം പ്രവർത്തിക്കുന്ന ബപ്പനംതോട് പൂർണമായും വറ്റിയ നിലയിലാണ്. വേനൽമഴ ഒട്ടും ലഭിക്കാത്തതാണു ഇത്തവണ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ അവതാളത്തിലാകാൻ കാരണം. മുൻ വർഷങ്ങളിൽ ആവശ്യത്തിനു വേനൽ മഴ ലഭിച്ചതിനാൽ പ്രവർ!ത്തനത്തെ ബാധിച്ചിരുന്നില്ല. വെള്ളം കുറഞ്ഞതോടെ സന്ദർശകരുടെ എണ്ണവും കുറഞ്ഞിട്ടുണ്ട്. വെള്ളം കുറവാണെന്ന അറിയിപ്പ് സന്ദർശകർക്കു നൽകിയ ശേഷമാണ് ഇപ്പോൾ പ്രവേശനം നൽകുന്നത്. ട്രക്കിങ്, വ്യൂ പോയിന്റ്, റോപ് ക്ലൈംപിങ് എന്നിവ പ്രവർത്തിക്കുന്നതിനാൽ പ്രവർത്തനം പൂർണമായും നിലച്ചിട്ടില്ല.



# പ്ലാന്റേഷൻ കോർപറേഷന്റെ പ്രതിസന്ധിക്ക് പരിഹാരം തേടി ചെങ്കൽ ഖനനം



**കാസർകോട്:** പ്ലാന്റേഷൻ കോർപറേഷൻ നടപ്പിലാക്കാൻ പദ്ധതിയിട്ട ചെങ്കൽ ഖനന പദ്ധതി ആദ്യം നടപ്പിലാക്കുന്നത് കോർപറേഷന്റെ സ്വന്തം ഭൂമിയിൽ. ചീമേനി എസ്റ്റേറ്റിന്റെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിത്തിന്റെ മുൻ വശത്തുള്ള കോർപറേഷന്റെ കൈയിലുള്ള സ്വന്തം ഭൂമിയായ 310 ഏക്കർ സ്ഥലത്താണ് ചെങ്കൽ ഖനന പദ്ധതി നടപ്പിലാക്കാൻ ആദ്യ ഘട്ടത്തിൽ ടെൻഡർ വിളിക്കുക. ആകെ 856 ഹെക്ടർ സ്ഥലമുണ്ട്. രണ്ടാം ഘട്ടത്തി!ൽ കാസർകോട് എസ്റ്റേറ്റിലെ 2190 ഹെക്ടറിൽ ഖനനം നടത്താനാണു തീരുമാനം. രാജപുരത്ത് വനംവകുപ്പിന്റെ സ്ഥലമാണു പാട്ടത്തിലുള്ളത്. അതിനാൽ ഇവിടെ ഖനനം സാധിക്കില്ല.

പെരിയയിലെ കേന്ദ്ര സർവകലാശാലയ്ക്ക് വേണ്ടി കോർപറേഷന്റെ കൈയിലുള്ള ഭൂമി വിട്ട് കൊടുത്തതിന് പകരമായി ചീമേനിയിൽ റവന്യൂ വകുപ്പ് കോർപറേഷന് 310 ഏക്കർ ഭൂമി വിട്ട് കൊടുത്തിരുന്നു. ഇവിടെ നിന്ന് 500 കോടിയോളം രൂപ സമാഹരിക്കാമെന്നാണ് കോർപറേഷന്റെ കണക്കുകൂട്ടൽ. ഈ ഭൂമിയിൽ നിന്ന് ഒരു ഹെക്ടർ ഭൂമിയിൽ ആദ്യഘട്ടത്തിൽ ഖനനത്തിനായി ടെൻഡർ നൽകാനാണ് കോർപറേഷന്റെ തീരുമാനം. മലബാറിൽ കോഴിക്കോട് മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽ കോർപറേഷന്റെ പരിധിയിലുള്ള പാട്ടത്തിനെടുത്ത ഭൂമിയിൽ ഖനനം ചെയ്യാൻ! സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും ആദ്യമായി പദ്ധതിക്ക് തുടക്കം കുറിക്കുന്നത് ചീമേനിയിലാണ്. അഞ്ചു മാസം മുൻപ് പ്ലാന്റേഷൻ കോർപറേഷൻ നൽകിയ റിപ്പോർട്ടിലാണ് ഖനനത്തിന് സർക്കാർ അനുമതി നൽകിയത്.


കോർപറേഷന് ചീമേനി എസ്റ്റേറ്റിൽ സ്വന്തമായിട്ടുള്ളത് 310 ഏക്കർ ഭൂമി മാത്രമാണ്. ബാക്കി ഭൂമി പാട്ടത്തിനെടുത്തതാണ്. സ്വന്തം ഭൂമിക്ക് പുറമെ 500 എക്കർ സ്ഥലം ചെങ്കൽ ഖനനത്തിനായി ഉപയോഗിക്കുവാൻ പറ്റുന്ന ഭൂമിയാണെന്ന് സർവേയിൽ കണ്ടെത്തിയിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തിയാക്കി ചെങ്കൽ ഖനനത്തിന് തുടക്കമിട്ടാൽ 24 സെന്റ് ഭൂമിയുടെ 10 പ്ലോട്ടുകളായിട്ടാണ് ഖനനം നടത്തുക. പ്ലോട്ടിൽ നിന്ന് ചുരുങ്ങിയത് 1 ലക്ഷം രൂപ ലാഭ വിഹിതമായി ലഭിക്കുമെന്നാണ് പ്രതീക്ഷ.

ഇത്തരത്തിൽ ബാക്കിയുള്ള ഭൂമിയിൽ നിന്ന് കൂടി ഖനനം തുടങ്ങിയാൽ ചീമേനിയിൽ നിന്ന് മാത്രം 500 കോടി ലഭിക്കുമെന്നാണ് കോർപറേഷന്റെ കണക്ക് കൂട്ടൽ. ഇത് വഴി പ്രതിസന്ധിയിൽ നിൽക്കുന്ന കോർപറേഷനെ കര കയറ്റാനും കഴിയുമെന്ന പ്രതീക്ഷയിലാണ് അധികൃതർ.

3 മീറ്റർ ആഴത്തിൽ ചെങ്കൽ എടുത്താൽ! വരുന്ന കുഴിയിൽ മഴ വെള്ളം കെട്ടി നിൽക്കും. ഇത് ഒഴുകിപ്പോകാതെ ആഴ്ന്നിറങ്ങും.

ഭൂഗർഭ ജലനിരപ്പ് വർധിക്കും, പുഴകൾ ഇതുവഴി ജല സമൃദ്ധമാകും , 3 മീറ്റർ ആഴത്തിൽ ചെങ്കൽ! ഖനനം നടത്തി കഴിഞ്ഞാൽ 2 മിറ്റർ വരെ മണ്ണും ജൈവ വളവും ചേർത്ത് മൂടും , ഖനനത്തിന് ശേഷം കശുമാവിൻ തൈകൾ വച്ച് പിടിപ്പിക്കും പച്ചപ്പ് വ്യാപിക്കുന്നതോടെ ചീമേനി മേഖലയിലെ കടുത്ത ചൂടിനു കുറവുണ്ടാകും

# കാസർകോട് ജില്ലയിൽ കോവിഡ് കേസുകൾ കൂടുന്നു



**കാഞ്ഞങ്ങാട്:** ജില്ലയിൽ കോവിഡ് കേസുകൾ കുത്തനെ കൂടുന്നു. 50 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. 125 പേരാണ് ഇപ്പോൾ കോവിഡ് ബാധിച്ച് ചികിത്സയിൽ കഴിയുന്നത്. കാസർകോട് സ്വകാര്യ ആശുപത്രിയിൽ 2 പേരാണു ചികിത്സയിലുള്ളത്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി, കാസർകോട് ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ 2 പേരും ചികിത്സയിൽ കഴിയുന്നു. മംഗളൂരുവിലെ സ്വകാര്യ ആശുപത്രിയിലും ഒരാൾ ചികിത്സയിൽ കഴിയുന്നുണ്ട്. മറ്റുള്ളവർ വീടുകളിൽ നിരീക്ഷണത്തിലാണ്. ടിപിആർ നിരക്കും കുത്തനെ കൂടുകയാണ്.

കോവിഡ് കേസുകൾ കൂടുമ്പോഴും ജില്ലയിൽ സർക്കാർ ആശുപത്രികളിൽ ആർടിപിസിആർ പരിശോധനയ്ക്ക് സൗകര്യമില്ല. സ്വകാര്യ ക്ലിനിക്കുകളെയാണ് ജനം ഇപ്പോൾ ആശ്രയിക്കുന്നത്. ജില്ലാ ആശുപത്രിയിൽ ആന്റിജൻ പരിശോധന മാത്രമാണു നടക്കുന്നത്. ലക്ഷണങ്ങളോടെ വരുന്നവരെ മാത്രമാണു പരിശോധിക്കുന്നത്. കോവിഡ് ലക്ഷണങ്ങളോടെ വളരെയധികം പേർ! ചികിത്സ തേടി ആശുപത്രികളിൽ വരുന്നുണ്ടെങ്കിലും പരിശോധനാ സൗകര്യമില്ലാത്തത് തിരിച്ചടിയാകുന്നു. കേരള കേന്ദ്ര സർവകലാശാലയിലെ ലാബിൽ വീണ്ടും ആർടിപിസിആർ പരിശോധനയ്ക്ക് സൗകര്യം ഒരുക്കാൻ ശ്രമിച്ചെങ്കിലും ഇതുവരെ നടന്നിട്ടില്ല. പരിശോധന ആവശ്യത്തിനു നടക്കാത്തതും തിരിച്ചടിയാണ്.

ഗർഭിണികളും കുട്ടികളും പ്രായമായവരും മറ്റു രോഗങ്ങൾ ഉള്ളവരും നിർബന്ധമായും മാസ്ക് ധരിക്കണം. കൈകൾ ഇടയ്ക്കിടെ സാനിറ്റൈസർ ഉപയോഗിച്ച് അണുമുക്തമാക്കണം.

ജില്ലയിൽ കോവിഡ് കേസുകൾ കൂടുമ്പോഴും ഐസലേഷൻ സൗകര്യം എവിടെയും ഏർപ്പെടുത്തിയിട്ടില്ല. നേരത്തെ ചട്ടഞ്ചാൽ ടാറ്റാ ആശുപത്രിയിലായിരുന്നു കോവിഡ് ബാധിച്ച് കിടത്തി ചികിത്സ ആവശ്യമുള്ളവരെ പ്രവേശിപ്പിച്ചിരുന്നത്. കോവിഡ് കേസുകൾ കുറഞ്ഞതോടെ ടാറ്റാ ആശുപത്രിയുടെ പ്രവർത്തനം പൂർണമായി നിർത്തി. ഇവിടെയുണ്ടായിരുന്ന ഉപകരണങ്ങളും ജീവനക്കാരെയും മറ്റിടങ്ങളിലേക്കു മാറ്റി.

നിലവിൽ ജില്ലയിൽ എവിടെയും കോവിഡ് ബാധിതരെ ചികിത്സിക്കാനുള്ള സൗകര്യം ആരോഗ്യ വകുപ്പ് ഒരുക്കിയിട്ടില്ല. കോവിഡ് കേസുകളുടെ എണ്ണം കൂടി കൂടുതൽ പേർക്ക് കിടത്തി ചികിത്സ വേണ്ടി വന്നാൽ ജില്ലയിലെ ആരോഗ്യ മേഖല പ്രതിസന്ധിയിലാകും.

# അമൃത് ഭാരത് രണ്ടാം ഘട്ടത്തിൽ 10 കോടി: പി.കെ. കൃഷ്ണദാസ്

**കാഞ്ഞങ്ങാട്:** അമൃത് ഭാരത് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പെടുത്തി കാഞ്ഞങ്ങാട്, നീലേശ്വരം, ചെറുവത്തൂർ റെയിൽവേ സ്റ്റേഷനുകളിൽ 10 കോടിയുടെ വികസനം നടപ്പാക്കുമെന്ന് റെയിൽവേ പാസഞ്ചേഴ്സ് അമിനിറ്റി ബോർഡ് ചെയർമാൻ പി.കെ.കൃഷ്ണദാസ് പറഞ്ഞു. കാസർകോട് സ്റ്റേഷൻ ഒന്നാം ഘട്ടത്തിലുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് രണ്ടാംഘട്ടത്തിന്റെ കൺസൽട്ടൻസിയെ നിശ്ചയിച്ചു ടെൻഡർ ചെയ്യും. 2025ൽ പണി പൂർത്തിയാക്കും. സ്റ്റേഷനിലെ ആവശ്യങ്ങളനുസരിച്ച് പരമാവധി 10 കോടി രൂപയുടെ വരെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും.

റെയിൽവേ സ്റ്റേഷനിൽ യാത്രക്കാർക്ക് ആവശ്യത്തിന് ഇരിപ്പിടമില്ലാത്തതും ഫാൻ ഇല്ലാത്തതും വെളിച്ചക്കുറവും അമൃത് ഭാരതി പദ്ധതി യഥാർഥ്യമായാൽ പരിഹാരമാകും. ആവശ്യത്തിന് മേൽക്കൂരയില്ലാത്തതും പ്ലാറ്റ്ഫോമിന്റെ നീളക്കുറവും ശ്രദ്ധയിൽ പെട്ടു. മംഗള എക്സ്പ്രസിന് വടക്കോട്ടുള്ള യാത്രയിൽ കാഞ്ഞങ്ങാട് സ്റ്റോപ്പ് ഉണ്ട്. തെക്കോട്ടുള്ള യാത്രയിൽ സ്റ്റോപ്പ് ഇല്ലാത്ത കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇക്കാര്യം റെയിൽവേ ബോർഡിന്റെ ശ്രദ്ധയിൽ പെടുത്തും.

കാഞ്ഞങ്ങാട് റോട്ടറി, സ്റ്റേഷനിൽ പാർക്കിങ് സൗകര്യമൊരുക്കാൻ 1.5 കോടിയുടെ പദ്ധതി റെയിൽവേയ്ക്ക് സമർപ്പിച്ചിരുന്നു. ഇതിന് അനുമതി ലഭിക്കാനായി ഇടപെടും. രണ്ടാമത്തെ പ്ലാറ്റ്ഫോമിൽ ടിക്കറ്റ് കൗണ്ടർ വേണമെന്ന ആവശ്യം നഗരസഭാധ്യക്ഷ കെ.വി.സുജാത ഉന്നയിച്ചു. കൊവ്വൽ എകെജി ക്ലബിന് സമീപം മേൽനടപ്പാലം സംബന്ധിച്ച് നഗരസഭ ഒരു ശുപാർശ തയാറാക്കി നൽകിയാൽ റെയിൽവേ ബോർഡിന്റെ ശ്രദ്ധയിൽ പെടുത്താമെന്ന് അദ്ദേഹം പറഞ്ഞു. ഡ്രെയിനേജ്, അരിമല ഹോസ്പിറ്റലിന് സമീപത്തു കൂടിയുള്ള റോഡ് വികസിപ്പിക്കാൻ റെയിൽവേയിൽ നിന്നു അനുമതി വാങ്ങുന്ന കാര്യവും പരിഗണിക്കാമെന്ന് അദ്ദേഹം പറഞ്ഞു.



പുതിയ ടിക്കറ്റ് കൗണ്ടർ, മുഴുവൻ സമയം പ്രവർത്തിക്കുന്ന ഫുഡ് കോർട്ട്, മേൽക്കൂര, ഇരിപ്പിടം, വെള്ളം, വെളിച്ചം, പ്ലാറ്റ്ഫോമുകളെ ബന്ധിപ്പിച്ചു കൊണ്ട് ലിഫ്റ്റ്, ശുചിമുറിയുടെ അപര്യാപ്തത, കുടിവെള്ള പ്രശ്നം എന്നിവയ്ക്കു പരിഹാരം, ഇരു പ്ലാറ്റ്ഫോമുകളോടും അനുബന്ധിച്ചു മതിയായ പാർക്കിങ് സൗകര്യം ഏർപ്പെടുത്തൽ എന്നിവ പദ്ധതിയിൽ ലഭിക്കും. എഫ്സിഐ ലൈനിനു സമീപം പൂർണമായും കോൺക്രീറ്റ് ചെയ്ത് മഴക്കാലത്ത് അരി വീണു ചീഞ്ഞു നാറുന്നത് ഒഴിവാക്കും.

നീലേശ്വരം റെയിൽവേ സ്റ്റേഷനോട് അനുബന്ധിച്ചുള്ള 20 ഏക്കറിൽ അധികം റെയിൽവേ സ്ഥലം ലീസിനു നൽകി വരുമാനം വർധിപ്പിക്കും. ഇന്റർസിറ്റി, ചെന്നൈ മെയിൽ എന്നിവയ്ക്കു സ്റ്റോപ് അനുവദിക്കാൻ സമ്മർദം ചെലുത്തും. നീലേശ്വരം റെയിൽവേ സ്റ്റേഷനെ ഭിന്നശേഷി സൗഹൃദമാക്കും. ബിജെപി ജില്ലാ പ്രസിഡന്റ് രവീശ തന്ത്രി കുണ്ടാർ, ജനറൽ സെക്രട്ടറി എ.വേലായുധൻ, യുവമോർച്ച ജില്ലാ ജനറൽ സെക്രട്ടറി സാഗർ ചാത്തമത്ത് എന്നിവരും കൂടെയുണ്ടായിരുന്നു.

നീലേശ്വരം റെയിൽവേ വികസന ജനകീയ കൂട്ടായ്മ ചെയർമാൻ ഡോ.നന്ദകുമാർ കോറോത്ത്, കൺവീനർ കെ.വി.സുനിൽരാജ്, വൈസ് ചെയർമാൻ കെ.വി.പ്രിയേഷ് കുമാർ, നീലേശ്വരം മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് കെ.വി.സുരേഷ് കുമാർ, സെക്രട്ടറി എ.വിനോദ്, പേരോൽ വികസന സമിതി ഭാരവാഹികൾ, ബിജെപി, സേവാഭാരതി നേതാക്കൾ എന്നിവരും പി.കെ.കൃഷ്ണദാസിനെ സന്ദർശിച്ച് നിവേദനം നൽകി.

കോവിഡ് കാലത്ത് നിർത്തിവച്ച വെസ്റ്റ് കോസ്റ്റ് എക്സ്പ്രസിന്റെ സ്റ്റോപ്പ് പുന:സ്ഥാപിക്കുക, പരശുറാം എക്സ്പ്രസിന് ചെറുവത്തൂരിൽ സ്റ്റോപ്പ് അനുവദിക്കുക തുടങ്ങിയ യാത്രക്കാരുടെ ആവശ്യങ്ങൾ റെയിൽവേ ബോർഡിന്റെ മുൻപിൽ അവതരിപ്പിച്ച് ഇതിനു വേണ്ടി സമ്മർദം ചെലുത്തുമെന്നും കൃഷ്ണദാസ് അറിയിച്ചു. അടിയന്തരമായി റെയിൽവേ സ്റ്റേഷന്റെ രണ്ടാം നമ്പർ ഫ്ലാറ്റ്ഫോം ഉയർത്തി ഫ്ലോറിങ് നടത്തി മഴുവനായും മേൽപ്പുര നിർമിക്കുന്നതിന് 25ലക്ഷം രൂപ അനുവദിച്ചതായും, നാശത്തിന്റെ വക്കിലുള്ള റെയിൽവേ കുളം സംരക്ഷിച്ച് റെയിൽവേക്ക് പ്രയോജനപ്പെടും വിധമുള്ള സംവിധാനം ഉണ്ടാക്കുമെന്നും കൃഷ്ണദാസ് പറഞ്ഞു.

വെസ്റ്റ് കോസ്റ്റ് എക്സ്പ്രസിന്റെ സ്റ്റോപ്പ് പുനഃസ്ഥാപിക്കുക, പരശുറാം എക്സ്പ്രസിന് സ്റ്റോപ്പ് അനുവദിക്കുക, റെയിൽവേ കുളം സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് വ്യാപാരി വ്യവസായി ഏകോപന സമിതി ചെറുവത്തൂർ യൂണിറ്റ്, മലബാർ റെയിൽ യൂസേഴ്സ് അസോസിയേഷൻ, ചെറുവത്തൂർ റെയിൽവേ പാസ!ഞ്ചേഴ്സ് ഫോറം, ബിജെപി തൃക്കരിപ്പൂർ മണ്ഡലം കമ്മിറ്റി, പിലിക്കോട് പഞ്ചായത്ത് കമ്മിറ്റി എന്നിവർ നിവേദനം നൽകി



# തീരമിടിച്ചിൽ മീനച്ചിലാറിന് ഭീഷണി

**കുമരകം:** മീനച്ചിലാറിന്റെ തീരങ്ങൾ പല സ്ഥലത്തും ഇടിയുന്നു. ഇല്ലിക്കൽ ചേരിക്കൽ ഭാഗത്ത് 2 വർഷം മുൻപു റോഡ് ഇടിഞ്ഞ ഭാഗത്തിനു സമീപം വീണ്ടും ആറ്റുതീരം ഇടിയുകയാണ്.ആറ്റുതീരത്തോടു ചേർന്ന് താമസിക്കുന്ന 15 കുടുംബങ്ങൾ ഭീതിയിലാണ്. വീടുകൾ ഏതു നിമിഷവും ആറ്റിലേക്കു വീഴാമെന്ന അവസ്ഥയിലാണെന്നു വീട്ടുകാർ. താഴത്തങ്ങാടി മുതൽ കാഞ്ഞിരം വരെ പലയിടത്തും തീരം ഇടിയുന്നുണ്ട്. ഇല്ലിക്കൽ തിരുവാർപ്പ് റോഡിൽ ചേരിക്കൽ ഭാഗത്തു പാലം പണി തുടങ്ങിയപ്പോൾ മുതൽ ഇവിടത്തെ ആറ്റുതീരം ഇടിയുന്നുണ്ടായിരുന്നു.

റോഡ് ഇടിഞ്ഞ ഭാഗത്തു പുതിയ പാലം നിർമിച്ച സമയത്ത് ഈ ഭാഗം കൂടി ബലപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് വീട്ടുകാർ നിവേദനങ്ങൾ നൽകിയെങ്കിലും നടപടി ഉണ്ടായില്ല. ഇറിഗേഷൻ വകുപ്പ് സ്ഥലപരിശോധന നടത്തിയതല്ലാതെ തുടർ നടപടി ഉണ്ടായില്ല. ജുനൈദ്, കുഞ്ഞുമോൻ, രാജു, ശശി, കുഞ്ഞു മുഹമ്മദ് കുട്ടി, തോമസ്, വർഗീസ് ബഷീർ, റിയാസ്, കമലാക്ഷി, മാളികയിൽ സിബി, വെള്ളപ്പനാട്ടു ദാസ്, മോനാച്ചൻ , ഇടാട്ടു ബാബു, പണംപടിയിൽ സന്തോഷ്,സിനു എന്നിവരുടെ വീടുകളാണ് തീരഭാഗത്തുള്ളത്. വീടുകളുടെ ഭിത്തിക്ക് വിള്ളൽ ഉണ്ടായിട്ടുണ്ട്.

ചില വീടുകൾ ഭാഗികമായി വെള്ളത്തിലേക്കു ചാഞ്ഞു. നെല്ലു കയറ്റി ലോറികൾ തുടർച്ചയായി പോയിത്തുടങ്ങിയതോടെയാണു തീരം ഇടിച്ചിൽ രൂക്ഷമായത്. പഴയ പുലിമുട്ട് പൊളിച്ചു മാറ്റിയതോടെ ഒഴുക്ക് മാറിയതും തീരം തകരാൻ കാരണമായി.മഴക്കാലമാകുന്നതോടെ ആറ്റിൽ ശക്തമായ ഒഴുക്കുണ്ടാകും. റോഡ് ഇടിഞ്ഞ ഭാഗത്ത് വീടുകൾ ഇല്ലാതിരുന്നതിനാലാണ് ആളപായം ഉണ്ടാകാതിരുന്നത് . ഈ ഭാഗത്തെ കടകൾ അന്ന് തകർന്നിരുന്നു. അധികൃതർ പ്രശ്നത്തിനു പരിഹാരം കണ്ടില്ലെങ്കിൽ ചേരിക്കൽ ഭാഗത്തു വീണ്ടും ദുരന്തം ഉണ്ടാകുമെന്നു നാട്ടുകാർ പറയുന്നു

# സഹകരണമേഖല ജില്ലയിൽ 100 വീട് കൂടി നിർമിച്ചു നൽകും: മന്ത്രി വി.എൻ. വാസവൻ

**കോട്ടയം:** സഹകരണമേഖലയിലെ പൊതുനന്മ ഫണ്ടുപയോഗിച്ചു കോട്ടയം ജില്ലയിൽ ഈ വർഷം നൂറു വീടുകൾ കൂടി നിർമിച്ചു നൽകുമെന്നു സഹകരണരജിസ്ട്രേഷൻ വകുപ്പുമന്ത്രി വി.എൻ. വാസവൻ. കോട്ടയം വിജയപുരം പഞ്ചായത്തിൽ ലൈഫ് പദ്ധതിയിലൂടെ നിർമിച്ച ഭവനസമുച്ചയത്തിന്റെ താക്കോൽ കൈമാറ്റം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

സഹകരണമേഖലയിൽ മാത്രം 2250 വീടുകൾ ഭവനരഹിതർക്കായി ഇതിനോടകം നിർമിച്ചു നൽകിയെന്നും മന്ത്രി പറഞ്ഞു. ലൈഫ് ഭവന സമുച്ചയ പദ്ധതിയിലെ ഗുണഭോക്താവായ തോട്ടുങ്കൽ എം.ആർ. രൂപേഷിനും കുടുംബത്തിനും മന്ത്രി താക്കോൽ കൈമാറി.

ഫ്ളാറ്റ് സമുച്ചയങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ കടമ്പൂരിൽ നടന്ന ചടങ്ങിൽ ഓൺലൈനായി നിർവഹിച്ചു. കണ്ണൂർ കടമ്പൂർ, ഇടുക്കി കരിമണ്ണൂർ, കൊല്ലം പുനലൂർ എന്നിവിടങ്ങളിലെ ലൈഫ് ഫ്ളാറ്റ് സമുച്ചയങ്ങളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി ഓൺലൈനായി നിർവഹിച്ചു. ലൈഫ് പദ്ധതിയിലൂടെ ഈ സാമ്പത്തിക വർഷം 71,861 വീടുകൾ കൂടി നിർമിക്കുമെന്നു മുഖ്യമന്ത്രി പറഞ്ഞു. ഇതിൽ 30 ഭവനസമുച്ചയങ്ങളും നിർമിക്കും. അതിദരിദ്രരെന്നു കണ്ടെത്തിയ 64000 പേരെ കൂടി കെടുതികളിൽ നിന്നു മോചിപ്പിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. അത്തരത്തിലുള്ള പുരോഗതികളിലൂടെയാണ് നവകേരളം സൃഷ്ടിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.




വിജയപുരം ചെമ്പോലയിലെ ഫ്ളാറ്റ് സമുച്ചയത്തിന്റെ അങ്കണത്തിൽ നടന്ന ചടങ്ങിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. അധ്യക്ഷനായിരുന്നു. തോമസ് ചാഴികാടൻ എം.പി. മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു, പള്ളം ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടോമിച്ചൻ ജോസഫ്, വിജയപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.ടി. സോമൻകുട്ടി, വൈസ് പ്രസിഡന്റ് രജനി സന്തോഷ്, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ബിനു ജോൺ, ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ ഷറഫ് പി. ഹംസ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ധനൂജ സുരേന്ദ്രൻ, ദീപാ ജീസസ്, റേച്ചൽ കുര്യൻ, സുജാത ബിജു, വിജയപുരം ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ സുരേഷ് ബാബു, കുര്യൻ വർക്കി, സാറാമ്മ തോമസ്, ഗ്രാമപഞ്ചായത്തംഗങ്ങളായ പി.ടി. ബിജു, ബിന്ദു ജയചന്ദ്രൻ, മിഥുൻ ജി. തോമസ്, സാലി തോമസ്, അജിത രജീഷ്, ഷിലു തോമസ്, ജെസി ജോൺ, ഷൈനി വർക്കി, എം.ആർ. നന്ദു കൃഷ്ണ, ബിനു മറ്റത്തിൽ, ലിബി ജോസ് ഫിലിപ്പ്, ബാബു ജോസഫ്, സിസി ബോബി, ഉഷാ വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു.

വിജയപുരം ഗ്രാമപഞ്ചായത്തിലെ പൊൻപള്ളി വാർഡിലാണ് 44 യൂണിറ്റുകളുള്ള ഭവനസമുച്ചയം 7.35 കോടി രൂപ ചെലവിൽ നിർമിച്ചത്. ഗ്രാമപഞ്ചായത്തിന്റെ 55.80 സെന്റ് ഭൂമിയിലാണ് 26328 ചതുരശ്രയടിയുള്ള സമുച്ചയം പ്രീഫ്രാബിക്കേഷൻ സാങ്കേതിക വിദ്യയിൽ നിർമിച്ചിട്ടുള്ളത്. 445 ചതുരശ്രയടിയാണ് ഒരു ഫ്ളാറ്റിന്റെ വിസ്തീർണ്ണം. രണ്ടു കിടപ്പുമുറികൾ, ഹാൾ, അടുക്കള, ശുചിമുറി എന്നിവ ഉൾപ്പെട്ടതാണ് ഫ്ളാറ്റ്. ഇലക്ട്രിക്കൽ റൂം, മലിനീകരണ ശുചീകരണ പ്ലാന്റ്, സൗരോർജ്ജ സംവിധാനം, വാഹന പാർക്കിംഗ് സൗകര്യം എന്നിവയും സമുച്ചയത്തിലുണ്ട്. 42 കുടുംബങ്ങൾക്ക് താമസിക്കാം. രണ്ടു ഫ്ളാറ്റുകൾ മുതിർന്നവർക്കുള്ള പ്രത്യേകമുറി, സിക് റൂം, കോമൺ ഫെസിലിറ്റി, റിക്രിയേഷൻ എന്നിവയ്ക്കായി മാറ്റിവച്ചു. 2020 സെപ്റ്റംബർ 24ന് മുഖ്യമന്ത്രി പിണറായി വിജയനാണ് നിർമ്മാണ ഉദ്ഘാടനം നിർവഹിച്ചത്.

# റബ്കോ ഉത്പന്നങ്ങൾക്ക് ലോകോത്തര നിലവാരം

## റബ്കോ പ്രദർശന വിപണന മേള തുടങ്ങി

**കോട്ടയം:** പൊതുമേഖലയിൽ ഉത്പദിപ്പിക്കുന്നതിൽ ഏറ്റവും മികച്ച ഉത്പന്നങ്ങളാണ് റബ്കോ ഉത്പന്നങ്ങളെന്നു സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി എൻ വാസവൻ. കോട്ടയം ഗാന്ധിനഗർ മാളിയേക്കൽ പവലിയനിൽ നടക്കുന്ന റബ്കോ ഉത്പന്നങ്ങളുടെ പ്രദർശന വിപണന മേള ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി.

റബ്കോ ഉത്പന്നങ്ങൾ വിപണിയിൽ ലോകോത്തര നിലവാരം പുലർത്തുന്നതാണ്. ഉപയോക്താക്കളിലേക്ക് എത്തിക്കുന്ന ഉത്പന്നങ്ങളുടെ നിലവാരത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് റബ്കോ തുടക്കം മുതൽ സ്വീകരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

റബ്കോ ഗ്രൂപ്പ് ചെയർമാൻ കാരായി രാജൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ചങ്ങനാശ്ശേരി അർബൻ കോഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് എ.വി. റസൽ ആദ്യ വിൽപന നടത്തി. ഏപ്രിൽ എട്ടുമുതൽ 28 വരെ നടക്കുന്ന മേളയിൽ റബ്കോയുടെ വിവിധങ്ങളായ ഉത്പന്നങ്ങളാണ് അവതരിപ്പിച്ചിരിക്കുന്നത്.

റബ്കോയുടെ എല്ലാ ഉൽപ്പന്നങ്ങളും നേരിട്ട് പൊതു സമൂഹത്തിലേക്ക് എത്തിക്കുക എന്നതാണ് മേള ലക്ഷ്യമിടുന്നത്. വിഷു, ഈസ്റ്റർ, റംസാൻ എന്നിവ പ്രമാണിച്ച് ഉത്പന്നങ്ങൾക്ക് 25 ശതമാനം വരെ വിലക്കിഴിവും റബ്കോ പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള ദിനേശ്, റബ്കോ നുട്രികോ എന്നീ ഉത്പന്നങ്ങളുടെ സ്റ്റാളുകളും മേളയുടെ ഭാഗമായി ക്രമീകരിച്ചിട്ടുണ്ട്. റബ്കോ മെത്തകൾ, ടേബിൾ, കട്ടിൽ, കസേര, സെറ്റി മുതലായ ഫർണീച്ചർ ഉത്പന്നങ്ങൾ, ചെരിപ്പുകൾ, റബ്കോ നൂട്രീകോയുടെ വിവിധ ഉത്പന്നങ്ങൾ, ഖാദി, ദിനേശ് തുണിത്തരങ്ങൾ, കുടകൾ മുതലായ ഉൽപന്നങ്ങൾ മേളയിൽ ലഭ്യമാണ്.

കോട്ടയം നഗരസഭാംഗം എം.എം. ഷാജി, റബ്കോ ഗ്രൂപ്പ് ഡയറക്ടർമാരായ വി എം പ്രദീപ്, അനിത ഓമനക്കുട്ടൻ, കേരള സ്റ്റേറ്റ് പ്രവാസി സഹകരണ സംഘം പ്രസിഡന്റ് മൂസ മാസ്റ്റർ, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മുൻ പ്രിൻസിപ്പൽ ഡോക്ടർ സി. സതീഷ് കുമാർ, റബ്കോ ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ പി വി. ഹരിദാസൻ എന്നിവർ പങ്കെടുത്തു.



# കാലടി സമാന്തര പാലം 2024 ഒക്ടോബറിൽ യാഥാർത്ഥ്യമാകും: മന്ത്രി പി.എ മുഹമ്മദ് റിയാസ്

**കൊച്ചി:** അങ്കമാലി, പെരുമ്പാവൂർ മണ്ഡലങ്ങളെ ബന്ധിപ്പിച്ച് എം.സി റോഡിൽ സ്ഥിതിചെയ്യുന്ന കാലടി ശ്രീശങ്കരാചാര്യ പാലത്തിന് സമാന്തരമായി നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ നിർമ്മാണം 2024 ഒക്ടോബറിൽ പൂർത്തിയാകുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. കാലടി സമാന്തര പാലത്തിന്റെ നിർമ്മാണ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 2021 ജൂണിൽ പാലം നേരിട്ട് എത്തി സന്ദർശിച്ചതിന് ശേഷം 2021 ഓഗസ്റ്റിൽ വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ്, എംഎൽഎമാരായ റോജി.എം ജോൺ, എൽദോസ് കുന്നപ്പിള്ളിൽ, അൻവർ സാദത്ത് എന്നിവരുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടന്ന യോഗത്തിലാണ് സമാന്തര പാല നിർമാണത്തിന് തീരുമാനമായതെന്ന് മന്ത്രി പറഞ്ഞു.1963 ൽ നിർമ്മിച്ച നിലവിലുള്ള ശ്രീശങ്കര പാലത്തിന് കാലപ്പഴക്കത്താൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട് . സി.ആർ.ആർ.ഐ (സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) യുടെ നേതൃത്വത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമായതിനുശേഷം ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുമെന്നും മന്ത്രി പറഞ്ഞു.പ്രതിസന്ധികൾ നേരിടേണ്ടി വന്നാലും ജനോപകാരപ്രദമായ തീരുമാനങ്ങൾ നടപ്പാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 5 വർഷം കൊണ്ട് സംസ്ഥാനത്താകെ 100 പാലങ്ങൾ നിർമ്മിക്കുക എന്നതാണ് പൊതുമരാമത്ത് വകുപ്പിന്റെ ലക്ഷ്യം. രണ്ടു വർഷം പൂർത്തിയാകുമ്പോൾ ഇതിനോടകം 52 പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി. 105 പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. വിദേശ മാതൃകയിൽ പാലങ്ങളെ ദീപാലങ്കൃതമാക്കാനും പാലത്തിന്റെ താഴെയുള്ള സ്ഥലങ്ങൾ ഉപയോഗിക്കാനുമുള്ള പദ്ധതി നടപ്പാക്കാൻ ഒരുങ്ങുകയാണ്. പാലത്തിന്റെ താഴെയുള്ള സ്ഥലങ്ങൾ വയോജന പാർക്കുകൾ, കുട്ടികളുടെ പാർക്കുകൾ, കളിസ്ഥലം, ഓപ്പൺ ജിം എന്നിവ നിർമ്മിക്കാൻ ഉപയോഗിക്കും.രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും പശ്ചാത്തല വികസന മേഖലയിൽ കിഫ്ബി സംസ്ഥാനത്ത് ആശ്വാസമാകുകയാണ്. എം.സി റോഡിന്റെ വികസനം നടപ്പിലാക്കും നാലുവരിപ്പാതയാക്കുന്നതിന് ആയിരം കോടിയുടെ ഭരണാനുമതി ലഭിച്ചു കഴിഞ്ഞു. നാവായിക്കുളം അങ്കമാലി ഗ്രീൻഫീൽഡ് പാത നിർമ്മിക്കുന്നതിനുള്ള ശ്രമം തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു.



പെരിയാറിനു കുറുകെ നിലവിലുള്ള കാലടി ശ്രീശങ്കരാചാര്യ പാലത്തിന് സമാന്തരമായി 455.40 മീറ്റർ നീളത്തിലാണ് പുതിയ പാലം നിർമ്മിക്കുന്നത്. 30.50 മീറ്റർ നീളത്തിലുള്ള 12 സ്പാനുകളും 13.45 മീറ്റർ നീളത്തിലുള്ള രണ്ട് സ്പാനുകളും 12.50 മീറ്റർ നീളത്തിലുള്ള അഞ്ചു സ്പാനുകളുമുണ്ടാകും. 10.50 മീറ്റർ ക്യാരേജ് വെയും ഇരുവശങ്ങളിലും 1.50 മീറ്റർ വീതിയിൽ നടപ്പാതയും ഉൾപ്പെടെ 14 മീറ്റർ ആണ് പാലത്തിന്റെ വീതി.ചടങ്ങിൽ റോജി. എം.ജോൺ എം.എൽ.എ അധ്യക്ഷത വഹിച്ചു.ബെന്നി ബഹനാൻ എം.പി, എൽദോസ്.പി.കുന്നപ്പിള്ളിൽ എം.എൽ.എ എന്നിവർ മുഖ്യാതിഥികളായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ പഞ്ചായത്ത് മെമ്പർ ശാരദ മോഹൻ, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മേരി ദേവസ്സിക്കുട്ടി, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേസിൽ പോൾ, കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.പി ആന്റണി, ഒക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എം ഷിയാസ്, യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ എസ്.സതീഷ്, കാലടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അംബിക ബാലകൃഷ്ണൻ, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിന്ധു ടീച്ചർ, ജനപ്രതിനിധികൾ, രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# കരുതലും കൈത്താങ്ങും: താലൂക്ക് അദാലത്തിൽ ഏപ്രിൽ 15 വരെ പരാതി സമർപ്പിക്കാം

**കൊച്ചി:** സംസ്ഥാന സർക്കാരിൻറെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കരുതലും കൈത്താങ്ങും എന്ന പേരിൽ നടത്തുന്ന പരാതി പരിഹാര അദാലത്തിൽ പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുവാനുള്ള സമയപരിധി ഏപ്രിൽ 15 വരെ ദീർഘിപ്പിച്ചു. പരാതികൾ പൂർണമായും സൗജന്യമായി സമർപ്പിക്കാം. ഏപ്രിൽ, മെയ് മാസങ്ങളിൽ മന്ത്രിമാരുടെ നേതൃത്വത്തിലാണ് അദാലത്തുകൾ നടക്കുക.പരാതികൾ നേരിട്ട് താലൂക്ക് അദാലത്ത് സെല്ലുകൾ വഴിയും www.karuthal.kerala.gov.in എന്ന പോർട്ടൽ മുഖാന്തരവും സമർപ്പിക്കുന്നതിനു സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു പൂർണമായും സൗജന്യമാണ്. അക്ഷയ കേന്ദ്രങ്ങൾ വഴി പരാതി സമർപ്പിക്കുമ്പോൾ 20 രൂപ സർവീസ് ചാർജ് ഇടാക്കും. പൊതുജനങ്ങളിൽനിന്നു പരാതികൾ നേരിട്ടു സ്വീകരിക്കുന്നതിനായി താലൂക്ക് തലത്തിൽ താലൂക്ക് അദാലത്ത് സെല്ലും ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനായി വകുപ്പു തലത്തിൽ ജില്ലാ അദാലത്ത് സെല്ലും പരാതിയിന്മേലുള്ള നടപടി നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ജില്ലാ തല അദാലത്ത് മോണിറ്ററിംഗ് സെല്ലുകളും പ്രവർത്തിക്കും.ഭൂമി സംബന്ധമായ വിഷയങ്ങൾ (അതിർത്തി നിർണ്ണയം, അനധികൃത നിർമ്മാണം, ഭൂമി കയ്യേറ്റം), സർട്ടിഫിക്കറ്റുകൾ / ലൈസൻസുകൾ നൽകുന്നതിലെ കാലതാമസം നിരസിക്കൽ, തണ്ണീർത്തട സംരക്ഷണം, ക്ഷേമ പദ്ധതികൾ ( വിവാഹ/പഠന ധനസഹായം ക്ഷേമ പെൻഷൻ മുതലായവ), പ്രകൃതി ദുരന്തങ്ങൾക്കുള്ള നഷ്ടപരിഹാരം, സാമൂഹ്യ സുരക്ഷ പെൻഷൻ കുടിശ്ശിക ലഭിക്കുക, പെൻഷൻ അനുവദിക്കുക, പരിസ്ഥിതി മലിനീകരണം/ മാലിന്യ സംസ്ക്കരണം, തെരുവ് നായ സംരക്ഷണം/ശല്യം, അപകടകരങ്ങളായ മരങ്ങൾ മുറിച്ചുമാറ്റുന്നത്, തെരുവുവിളക്കുകൾ, അതിർത്തി തർക്കങ്ങളും, വഴിതടസ്സപ്പെടുത്തലും, വയോജന സംരക്ഷണം, കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ടവ (കെട്ടിട നമ്പർ, നികുതി), പൊതുജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ളവും, റേഷൻ കാർഡ് (എപിഎൽ/ബിപിഎൽ)ചികിത്സാ ആവശ്യങ്ങൾക്ക്, വന്യജീവി ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണം/ നഷ്ടപരിഹാരം, വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ചുള്ള പരാതികൾ/ അപേക്ഷകൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികളും നിവേദനങ്ങളും അദാലത്തിൽ നൽകാം. വളർത്തുമൃഗങ്ങൾക്കുള്ള നഷ്ടപരിഹാരം/ സഹായം, കൃഷിനാശത്തിനുള്ള സഹായങ്ങൾ, കാർഷിക വിളകളുടെ സംഭരണവും വിതരണവും, വിള ഇൻഷുറൻസ്, ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ടവ, മത്സ്യ ബന്ധന തൊഴിലാളികളുമായി ബന്ധപ്പെട്ടവ, ശാരീരിക, ബുദ്ധി, മാനസിക വൈകല്യമുള്ളവരുടെ പുനരധിവാസം, ധനസഹായം, പെൻഷൻ, വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ, എൻഡോസൾഫാൻ ദുരിതബാധിതരുടെ വിഷയങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ, വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികളും അദാലത്തിൽ പരിഗണിക്കും.

# ദേശീയ ബാലാവകാശ കമ്മീഷൻ അംഗം ഡോ. ആർ.ജി ആനന്ദ് ഒബ്സർവേഷൻ ഹോം സന്ദർശിച്ചു

കൊച്ചി: കാക്കനാട് ഒബ്സർവേഷൻ ഹോം പ്രവർത്തനങ്ങളെ പ്രശംസിച്ച് ദേശീയ ബാലാവകാശ കമ്മീഷൻ അംഗം ഡോ. ആർ.ജി ആനന്ദ്. രാജ്യത്തുടനീളമുള്ള ഒബ്സർവേഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി കാക്കനാട് എത്തിയതായിരുന്നു അദ്ദേഹം. കർണ്ണാടക, തെലങ്കാന, ആന്ധ്രപ്രദേശ്, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലായി 22 ഒബ്സർവേഷൻ ഹോമുകൾ സന്ദർശിച്ചതിൽ കാക്കനാട് ഹോമിന്റെ പ്രവർത്തനങ്ങൾ ഏറ്റവും മികച്ചതാണെന്നും കേരളത്തിൽ എത്തിയതിൽ സന്തോഷം ഉണ്ടെന്നും അദ്ദേഹം പറഞ്ഞു. ഒബ്സർവേഷൻ ഹോമിലെ രേഖകൾ പരിശോധിച്ച അദ്ദേഹം കുട്ടികൾക്ക് നൽകുന്ന ഭക്ഷണത്തെകുറിച്ചും മെഡിക്കൽ സേവനങ്ങളെ കുറിച്ചും ചോദിച്ചറിഞ്ഞു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്.ഷാജഹാൻ, മട്ടാഞ്ചേരി അസിസ്റ്റന്റ് കമ്മീഷണർ കെ.ആർ മനോജ്, ഡിവൈഎസ്പി സ്പെഷ്യൽ ബ്രാഞ്ച് ഷാജു കെ. വർഗീസ്, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ കെ.എസ് സിനി, ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗം ജിൻസി മോൾ കുര്യൻ, ഒബ്സർവേഷൻ ഹോമിലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ അദ്ദേഹത്തെ അനുഗമിച്ചു.

## സീനിയർ റസിഡന്റ് താൽക്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ അനസ്തേഷ്യോളജി വിഭാഗത്തിൽ ഒരു സീനിയർ റസിഡന്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത എംബിബിഎസ്, എം.ഡി/ടിസി രജിസ്ട്രേഷൻ. വേതനം 70,000, ആറുമാസ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. താത്പര്യമുള്ളവർ വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഏപ്രിൽ 18ന് എറണാകുളം മെഡിക്കൽ സൂപ്രിൻന്റെ കാര്യാലയത്തിൽ രാവിലെ 10.30ന് വാക്ഇൻഇന്റർവ്യൂവിന് പങ്കെടുക്കണം. അന്നേ ദിവസം ഒമ്പതു മുതൽ 10 വരെ ആയിരിക്കും രജിസ്ട്രേഷൻ. സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന നൽകും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ:04842754000.

## ഗസ്റ്റ് ഇൻസ്ട്രക്ടർ താത്കാലിക നിയമനം

**കൊച്ചി:** കളമശ്ശേരി ഗവ. ഐ.ടി.ഐ ക്യാംപസിലെ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഗവ. അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം (ഗവ.എ.വി.ടി.എസ്) സ്ഥാപനത്തിൽ മെഷീൻ ടൂൾ മെയിന്റനൻസ് ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒരു താത്കാലിക ഒഴിവ്. മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ളോമ/ഡിഗ്രിയും മേഖലയിൽ ര് വർഷം പ്രവർത്തന പരിചയവുമാണ് യോഗ്യത. മണിക്കൂറിന് 240 രൂപ നിരക്കിൽ പരമാവധി 24,000 രൂപ പ്രതിമാസ വേതനം ലഭിക്കും. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഏപ്രിൽ 11ന് രാവിലെ 11ന് എ.വി.ടി.എസ് പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം. ഫോൺ 8089789828 , 0484 2557275.

## വാക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** തൃപ്പൂണിത്തുറ ആസ്ഥാന ആശുപത്രിയിലേക്ക് റേഡിയോളജിസ്റ്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. ഡാറ്റാ എൻട്രി ഓപ്പറേപ്പറേറ്റർ യോഗ്യത പ്ലസ് ടു, കമ്പ്യൂട്ടർ പരിഞ്ജ്ജാനം, മലയാളം ടൈപ്പ് റൈറ്റിംഗ് അഭികാമ്യം, തൃപ്പൂണിത്തുറ നഗരസഭ പരിധിയിലുള്ളവർക്ക് മുൻഗണന. പ്രായപരിധി 2035, പ്രതിമാസ വേതനം 10,000 രൂപ. നിശ്ചിത യോഗ്യതയുള്ളവർ ഏപ്രിൽ 17ന് രാവിലെ 11ന് തിരിച്ചറിയൽ കാർഡ്, യോഗ്യതകൾ, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം വാക് ഇൻ ഇന്റർവ്യൂവിന് സൂപ്രിന്റെ ചേംബറിൽ ഹാജരാകണം.

# 1000 സംരംഭങ്ങൾ 100 കോടി ടേൺ ഓവർ ക്ലബിലെത്തിക്കും: 'മിഷൻ 1000' പദ്ധതിക്ക് തുടക്കമായി




**കൊച്ചി:** സംസ്ഥാനത്തെ എം.എസ്.എം.ഇകളിൽ 1000 സംരംഭങ്ങൾ തെരഞ്ഞെടുത്ത് നൂറ് കോടി വിറ്റുവരവുള്ള സംരംഭങ്ങളാക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ 'മിഷൻ 1000'പദ്ധതിക്ക് തുടക്കമായി. എറണാകുളം ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ധനമന്ത്രി കെ.എൻ ബാലഗോപാൽ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് എന്നിവർ പങ്കെടുത്തു.ഒരു വർഷത്തിനുള്ളിൽ 1.39 ലക്ഷം സംരംഭങ്ങൾ ആരംഭിച്ച് പുതിയ ചരിത്രം സൃഷ്ടിച്ച സംരംഭക വർഷം പദ്ധതിയുടെ തുടർച്ചയായാണ് 'മിഷൻ1000' പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. വീണ്ടും ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ ലക്ഷ്യമിട്ടുള്ള സംരംഭക വർഷം 2.0 ഉൾപ്പെടെ നാല് പദ്ധതികൾക്കാണ് തുടക്കമായത്. തെരഞ്ഞെടുത്ത 1000 എം.എസ്.എം.ഇകളെ 100 കോടി വിറ്റുവരവുള്ള യൂണിറ്റുകളായി നാലു വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതിയാണ് 'എം.എസ്.എം ഇ സ്കെയിൽ അപ്പ് മിഷൻ മിഷൻ 1000'. നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതകളുള്ള എം.എസ്.എം.ഇകളെ സുതാര്യമായ തെരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ സ്കെയിൽ അപ്പ് സ്കീമിനായി തെരഞ്ഞെടുക്കും. സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് സർക്കാർ പിന്തുണ നൽകും. മൂലധന നിക്ഷേപ സബ്സിഡി, പ്രവർത്തന മൂലധന വായ്പയുടെ പലിശ സബ്സിഡി, ടെക്നോളജി നവീകരണത്തിന് സഹായം, ഗുണനിലവാര സർട്ടിഫിക്കേഷനുകൾ നേടുന്നതിനുള്ള സഹായം തുടങ്ങിയവ ഉറപ്പു വരുത്തും. വ്യവസായവകുപ്പിന്റെ എല്ലാ പദ്ധതികളിലും ഈ യൂണിറ്റുകൾക്ക് മുൻഗണനയും നൽകും. 2023–24 സാമ്പത്തിക വർഷത്തിലും ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ലക്ഷ്യമിടുന്ന പദ്ധതിയാണ് 'സംരംഭക വർഷം 2.0. ബോട്ടംഅപ്പ് പ്ലാനിങ്ങിലൂടെയായിരിക്കും ഇത്തവണ ജില്ല തിരിച്ച് സംരംഭങ്ങളുടെ എണ്ണം നിശ്ചയിക്കുക. ഏപ്രിൽ മുതൽ ജൂൺ വരെ പൊതുബോധവൽക്കരണവും തുടർന്ന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വായ്പാലൈസൻസ്സബ്സിഡി മേളകളും സംഘടിപ്പിക്കും. മെന്ററിങ്ങ് സിസ്റ്റത്തിൽ എല്ലാ എം.എസ്.എം.ഇകളെയും രജിസ്റ്റർ ചെയ്ത് ആവശ്യമായ നിർദേശങ്ങൾ ലഭ്യമാക്കും. നെറ്റ് വർക്കിങ്ങ് പോർട്ടലും പുതിയ പദ്ധതിയുടെ ഭാഗമായി ആരംഭിക്കും. കഴിഞ്ഞ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 1,39,840 സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പു വരുത്തുന്നതിനായി ആരംഭിക്കുന്ന പദ്ധതിയാണ് 'എം.എസ്.എം.ഇ സുസ്ഥിരതാ പദ്ധതി'. എം.എസ്.എം.ഇകളുടെ അടച്ചുപൂട്ടൽ നിരക്ക് കുറക്കുന്നതിനും പുതിയ എം.എസ്.എം.ഇകളുടെ വിറ്റുവരവിൽ 5% വളർച്ചാ നിരക്ക് ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി എം.എസ്.എം.ഇ പെർഫോമൻസ് മോണിറ്ററിങ്ങിനായി ഓട്ടോമേറ്റഡ് സിസ്റ്റം കൊണ്ടുവരുന്നതിനൊപ്പം എം.എസ്.എം.ഇകൾക്കിടയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനതല നെറ്റ്വർക്കിങ്ങ് ക്ലസ്റ്ററും സൃഷ്ടിക്കും. പ്രത്യേക ഇൻസന്റീവുകളും ഈ പദ്ധതിയിലൂടെ എം.എസ്.എം.ഇകൾക്ക് ലഭ്യമാക്കും.നിലവിൽ പ്രവർത്തിക്കുന്ന എം എസ് എം ഇ സംരംഭങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായവകുപ്പ് പ്രത്യേക യൂട്യൂബ് ചാനൽ വികസിപ്പിച്ചിട്ടുണ്ട്. ഈ ചാനലിലൂടെ സംരംഭകരുടെ ഉൽപന്നങ്ങളെയും സേവനങ്ങളെയും പരിചയപ്പെടുത്തുന്ന സെൽഫീ വീഡിയോകൾ ജനങ്ങളിലെത്തിക്കും. ചാനലിന്റെ പ്രമോഷൻ വ്യവസായവകുപ്പിന്റെ നേതൃത്വത്തിൽ നടത്തുകയും അതുവഴി സംരംഭകരുടെ വിപണനം പ്രോത്സാഹിപ്പിക്കുകയും ചെയ്യാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. സെൽഫീ വീഡിയോ ചാനലിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവഹിച്ചു. 500 സംരംഭകർ പങ്കെടുത്ത ചടങ്ങിൽ വ്യവസായ നിയമ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷത വഹിച്ചു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ സുമൻ ബില്ല, എ.പി.എം. മുഹമ്മദ് ഹനീഷ്, ഡയറക്ടർ എസ്. ഹരികിഷോർ, വ്യവസായവാണിജ്യ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ശ്രീ ശ്രീ കൈലാസപുരി അഘോരി സ്വാമികൾ കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ ദർശനം നടത്തി

**കൊച്ചി:**ഹിമാലയൻ തപസ്വിയായ മഹാകാൽ ബാബാ ശ്രീ ശ്രീ കൈലാസപുരി അഘോരി സ്വാമികൾ കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ ദർശനം നടത്തി. ഹിമാലയത്തിലേക്കുള്ള യാത്രാമദ്ധ്യേയാണ് ശ്രീ ശ്രീ കൈലാസപുരി അഘോരി സ്വാമി പാവക്കുളം ക്ഷേത്രത്തിൽ ദർശനത്തിനായി എത്തിയത്. ക്ഷേത്രം മേൽശാന്തി പൂർണ്ണകുംഭം നൽകി സ്വാമിയെ സ്വീകരിച്ചു. തുടർന്ന് വാദ്യമേളങ്ങളുടെ അകമ്പടിയോടെ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി,ക്ഷേത്രം ഉപദേശക സമിതി പ്രസിഡന്റ് ടി.പങ്കജാക്ഷൻ,സെക്രട്ടറി പി.വി അതികായൻ, ട്രഷറർ ശ്രീകുമാർ പിള്ള, ജോയിന്റ് സെക്രട്ടറി ഒ.ഉണ്ണികൃഷ്ണമേനോൻ, ജോയിന്റ് ട്രഷറർ സി.വേണുഗോപാൽ, മറ്റ് ഭരണസമിതി അംഗങ്ങൾ, ഭക്തർ എന്നിവർ ചേർന്ന് സ്വാമിയെ ക്ഷേത്ര സന്നിധിയിലേക്ക് ആനയിച്ചു. ക്ഷേത്ര ദർശനത്തെ തുടർന്ന് പ്രസാദം നൽകി ഭക്തരെ അനുഗ്രഹിച്ച ശേഷം സ്വാമികൾ മടങ്ങി.



കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ ദർശനത്തിനെത്തിയ മഹാകാൽ ബാബാ ശ്രീ ശ്രീ കൈലാസപുരി അഘോരി സ്വാമികളെ ക്ഷേത്രം ഉപദേശക സമിതിയുടെയും വിശ്വഹിന്ദു പരിഷത്തിന്റെയും നേതൃത്വത്തിൽ പൂർണ്ണകുംഭം നൽകി സ്വീകരിക്കുന്നു. വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി,ക്ഷേത്രം ഉപദേശക സമിതി പ്രസിഡന്റ് ടി.പങ്കജാക്ഷൻ,സെക്രട്ടറി പി.വി അതികായൻ,ട്രഷറർ ശ്രീകുമാർ പിള്ള തുടങ്ങിയവർ സമീപം

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഐ.സി.ഡി.എസ് മുളന്തുരുത്തി അഡീഷണൽ പ്രോജക്ട് പരിധിയിൽ വരുന്ന തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ അങ്കണവാടികളിലെ വർക്കർമാരുടെ ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്ക് ഉത്തരവുകൾക്കു വിധേയമായി നിയമനം നടത്തുന്നതിന തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി പരിധിയിൽ സ്ഥിരതാമസക്കാരും സേവനതൽപരരുമായ മികച്ച ശാരീരിക മാനസിക ക്ഷമതയുള്ള വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 01/01/2023 ന് 18 വയസ്സ് പൂർത്തിയായവരും 46 വയസ്സ് അധികരിക്കാത്തവരുമായിരിക്കണം. എസ്.സി/എസ്.ടി വിഭാഗത്തിലുള്ളവർക്ക് 3 വർഷത്തെ വയസിളവ് അനുവദിച്ചിട്ട്. കൂടാതെ അങ്കണവാടി പ്രവർത്തി പരിചയം ഉള്ളവർക്ക് ഒരു വർഷത്തിന് ഒന്ന് എന്ന നിലയിൽ പരമാവധി വർഷത്തെ വയസിളവ്. അങ്കണവാടി വർക്കർ തസ്തകയിലേക്ക് അപേക്ഷിക്കുന്നവരുടെ യോഗ്യത എസ് എസ് എൽ സി പാസായിരിക്കണം. എന്നാൽ പട്ടികജാതി വിഭാഗത്തിൽ എസ് എസ് എൽ സി പാസായവരില്ലാതെ വന്നാൽ എസ് എസ് എൽ സി തോറ്റവരെയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ അഭാവത്തിൽ അതേ വിഭാഗത്തിൽ നിന്നും 8ാം ക്ലാസ്സ് പാസായവരെയും പരിഗണിക്കും. കൂടുതൽ വിവരങ്ങൾ മുളന്തുരുത്തി അഡീഷണൽ ഐ സി ഡി എസ് പ്രോജക്ട് ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാണ്. വിളിക്കേ നമ്പർ 9188959730, 0484 2786680. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, സമയം ഏപ്രിൽ 20. അപേക്ഷ സ്വീകരിക്കുന്ന സ്ഥലം ഐ സി ഡി എസ് മുളന്തുരുത്തി അഡീഷണൽ, പഴയ പഞ്ചായത്ത് കാര്യാലയം, തിരുവാങ്കുളം പി.ഒ, 682305, എറണാകുളം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ജില്ലാ ശുചിത്വമിഷനിലേക്ക് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ജേണലിസത്തിൽ ബിരുദാനന്തര ബിരുദം, ബി.ടെക് (സിവിൽ, എൻവിയോൺമെന്റ്) എന്നിവയാണ് അപേക്ഷിക്കാനുള്ള യോഗ്യത. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഏപ്രിൽ 19 ന് മുൻപായി ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും dsmernakulam@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കുക. കൂടുതൽ വിവരങ്ങൾക്ക് 04842428701 എന്ന നമ്പറിൽ ബന്ധപ്പെടുക. എറണാകുളം ജില്ലയിൽ ഉള്ളവർക്കായിരിക്കും മുൻഗണന.

## ടാക്സി വാഹനം ആവശ്യമുണ്ട്

**കൊച്ചി:** എറണാകുളം ജില്ലാ ശുചിത്വ മിഷന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ടാക്സി വാഹനം വാടകയ്ക്കെടുക്കുന്നു. രണ്ട് സെഡാൻ കാറുകൾ ആണ് വാടകയ്ക്ക് എടുക്കുന്നത്. വാഹനത്തിന്റെ ഉടമ/വാഹനം വാടകയ്ക്ക് നൽകുന്ന ഏജൻസി എന്നിവർക്ക് അപേക്ഷിക്കാം. അപേക്ഷകർ ഓടാൻ സാധിക്കുന്ന കിലോമീറ്റർ നിരക്ക്, മാസ വാടക എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള അപേക്ഷ/ക്വട്ടേഷൻ ജില്ലാ ശുചിത്വ മിഷൻ, മൂന്നാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട് എന്ന വിലാസത്തിൽ ഏപ്രിൽ 17 ന് മുമ്പായി നൽകണം.

കൂടുതൽ വിവരങ്ങൾക്ക് : 99955 22133, 8086201881

# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണുമായി കൈകോർത്ത് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ക്ലിയോനെറ്റ് ഈവന്റ്സ്, സ്പോർട്സ്പ്രോ എന്നിവയുടെ സംയുക്ത സംരംഭമായ ക്ലിയോസ്പോർട്സ് സംഘടിപ്പിക്കുന്ന പ്രഥമ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന്റെ ഔദ്യോഗിക മെഡിക്കൽ പങ്കാളിയായി ആസ്റ്റർ മെഡ്സിറ്റിയെ പ്രഖ്യാപിച്ചു. മേയ് ഒന്നിന് നടക്കുന്ന മാരത്തണിന്റെ ഔദ്യോഗിക മെഡിക്കൽ ഡയറക്ടറായി ആസ്റ്റർ മെഡ്സിറ്റി എമർജൻസി വിഭാഗം മേധാവി ഡോ. ജോൺസൺ കെ. വർഗീസിനെ നിയോഗിച്ചു.ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണുമായി സഹകരിക്കാനാകുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ആസ്റ്റർ ഹോസ്പിറ്റൽസ് കേരള ആൻഡ് തമിഴ്നാട് വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു. കൊച്ചി നഗരത്തിന്റെ ആരോഗ്യ സൂചിക ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാനുള്ള മികച്ച അവസരമാണ് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മാരത്തൺ സുരക്ഷിതമാക്കുന്നതിന് ആരംഭിക്കുന്ന സ്ഥലത്ത് മെഡിക്കൽ ബേസ് ക്യാമ്പും കടന്നുപോകുന്ന തന്ത്രപ്രധാന പ്രദേശങ്ങളിൽ സബ്മെഡിക്കൽ സ്റ്റേഷനുകളും സജ്ജീകരിക്കാനായി സംഘാടകരായ ക്ലിയോസ്പോർട്സുമായി ചേർന്ന് വിശദമായ പദ്ധതി തയ്യാറാക്കി വരികയാണെന്നും ഫർഹാൻ യാസിൻ വ്യക്തമാക്കി. ആരോഗ്യകരമായ കേരളം കെട്ടിപ്പടുക്കുന്നതിന് പൊതുജനങ്ങൾ വലിയതോതിൽ മാരത്തണിൽ പങ്കെടുക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു.ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന്റെ മെഡിക്കൽ പങ്കാളിയായി ആസ്റ്റർ മെഡ്സിറ്റി എത്തുന്നതിൽ ഏറെ അഭിമാനമുണ്ടെന്ന് ക്ലിയോസ്പോർട്സ് ഭാരവാഹികളായ ശബരി നായർ, ബൈജു പോൾ, അനീഷ് പോൾ എന്നിവർ പറഞ്ഞു. ഓട്ടക്കാർക്ക് പരിക്കുകൾ ഏൽക്കാതെ മറ്റ് തടസങ്ങൾ ഏതുമില്ലാതെ മാരത്തണിന്റെ സുഗമമായ നടത്തിപ്പിന് മെഡിക്കൽ പങ്കാളി അനിവാര്യമായ ഘടകമാണ്. ഇതിന് ആസ്റ്റർ പോലുള്ള പ്രമുഖ ബ്രാൻഡിനെ തന്നെ ലഭിച്ചത് വലിയ സൗഭാഗ്യമായി കരുതുന്നുവെന്നും അവർ വ്യക്തമാക്കി. ആസ്റ്ററിന്റെ സാന്നിധ്യം ഓട്ടക്കാർക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഏറെ സഹായകമാകുമെന്നും അവർ കൂട്ടിച്ചേർത്തു.സഹകരണം കൂടുതൽ ഫലപ്രദമാക്കുന്നതിന് മാരത്തൺ, ഹാഫ് മാരത്തൺ, 10 കിമി റൺ എന്നിവ വിജയകരമായി ഫിനിഷ് ചെയ്യുന്ന ഓരോ ഓട്ടക്കാരന്റെയും പേരിൽ കുട്ടികളുടെ ഗുരുതര ശസ്ത്രക്രിയകൾക്കായി ഒരു ഫണ്ട് സംഭാവന ചെയ്യാൻ ആസ്റ്റർ ഡിഎം ഫൗണ്ടേഷൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം അർഥവത്തായ ഉദ്യമങ്ങൾ നല്ല ലക്ഷ്യത്തിന്റെ ഭാഗമാകുന്നുവെന്ന സംതൃപ്തി മാരത്തണിൽ പങ്കെടുക്കുന്നവർക്ക് നൽകുന്നതോടൊപ്പം ബ്രാൻഡുകൾക്ക് ഇത്തരം മാരത്തണുകളുമായി സഹകരിക്കുന്നതിന് പ്രചോദനമാകുകയും ചെയ്യും. ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിനെക്കുറിച്ചുള്ള വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും www.kochimarathon.in സന്ദർശിക്കുക.

# ഓട്ടോസെക് എക്സ്പോ 2023; ലോഗോ പ്രകാശനം ചെയ്തു





**കൊച്ചി:** കേരളത്തിലെ ഏറ്റവും വലിയ സെക്യൂരിറ്റി ആൻഡ് ഓട്ടോമേഷൻ എക്സിബിഷൻ (ഓട്ടോസെക്) മെയ് മാസം 26, 27 തീയതികളിൽ എറണാകുളം നോർത്ത് മുൻസിപ്പൽ ടൗൺഹാളിൽ നടക്കും. അക്കേഷ്യ (ഓൾ കൈൻഡ്സ് ഓഫ് ഇലക്ട്രോണിക്സ് സെക്യൂരിറ്റി ആൻഡ് സിസ്റ്റം ഇന്റഗ്രേറ്റേഴ്സ് അസോസിയേഷൻ) സംഘടിപ്പിക്കുന്ന എക്സ്പോയുടെ ലോഗോ പ്രകാശനം ഹൈബി ഈഡൻ എംപി നിർവഹിച്ചു. ചടങ്ങിൽ അക്കേഷ്യ പ്രസിഡന്റ് സൻജയ് സനൽ, സെക്രട്ടറി ദീപു ഉമ്മൻ, ഓട്ടോ സെക് ചെയർമാൻ ഫിറോസ്, അക്കേഷ്യ ജോയിന്റ് സെക്രട്ടറി ജെറിൻ വി വർഗീസ്, ഓട്ടോ സെക് കൺവീനർ ലിന്റ്റോ എന്നിർ സംബന്ധിച്ചു.

# ’ ഏജന്റ്` ’ ; മമ്മൂട്ടിയുടെ 50 അടി കട്ട് ഔട്ട് ഒരുക്കി അണിയറ പ്രവർത്തകർ



**കൊച്ചി:** മമ്മൂട്ടി കേണൽ മഹാദേവനായെത്തുന്ന പാൻ ഇന്ത്യൻ മാസ്സ് ആക്ഷൻ ചിത്രമാണ് ഏജന്റ്. ചിത്രത്തിന്റെ പ്രചരണാർത്ഥം കോഴിക്കോട് നഗരത്തിലെ എ.ആർ. സി കോർണേഷൻ തിയേറ്ററിൽ മമ്മൂട്ടിയുടെ 50 അടി ഉയരത്തിലുള്ള കട്ട്ഔട്ട് കേരളാ ഡിസ്ട്രിബ്യൂട്ടേഴ്സ് ആയ യൂലിൻ പ്രൊഡക്ഷൻസ് അവതരിപ്പിച്ചു. ചടങ്ങിൽ യൂലിൻ പ്രൊഡക്ഷൻസ് സാരഥികളായ അഖിൽ മുരളി, ആഷിക് മുരളി എന്നിവരും ഓൾ കേരള മമ്മൂട്ടി ഫാൻസ് അസോസിയേഷൻ അംഗങ്ങളും പങ്കെടുത്തു. ഏജന്റ് പ്രൊമോഷൻ ഇന്റർവ്യൂവിൽ അഖിൽ അഖിനേനി മമ്മൂട്ടിയെക്കുറിച്ചു പങ്കുവച്ച കാര്യങ്ങൾ എപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാണ്. ’ഏജന്റിൽ റോ ചീഫ് ആയി മമ്മൂട്ടി സാറാണ് അഭിനയിക്കുന്നത്. അദ്ദേഹത്തിന്റെ ടീമിലാണ് താനെന്നും അദ്ദേഹവുമായി ഒരുമിച്ചുള്ള ഒരുപാടു ആക്ഷൻ സീനുകൾ ഉള്ള ചിത്രമാണ് ഏജന്റെന്നും അഖിൽ മനസ്സ് തുറന്നു’. തെലുങ്കിലെ യുവതാരം അഖിൽ അഖിനേനിയും മമ്മൂട്ടിയും ആദ്യമായി ഒരുമിക്കുന്ന ചിത്രം ഏപ്രിൽ 28നു മലയാളം,തെലുങ്ക്, ഹിന്ദി, തമിഴ്, കന്നഡ ഭാഷകളിൽ ലോകവ്യാപകമായി റിലീസ് ചെയ്യും.സുരേന്ദർ റെഡ്ഡി രചനയും സംവിധാനവും നിർവ്വഹിക്കുന്ന ഈ ചിത്രത്തിൽ നവാഗതയായ സാക്ഷി വൈദ്യ നായികാ വേഷം ചെയ്തിരിക്കുന്നു. ഹിപ്പോപ്പ് തമിഴൻ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്ന ഈ ചിത്രത്തിന് ക്യാമറ ചലിപ്പിച്ചത് രാകുൽ ഹെരിയനും എഡിറ്റ് ചെയ്തിരിക്കുന്നത് നവീൻ നൂലിയുമാണ്. ആക്ഷൻ രംഗങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള ഈ ചിത്രത്തിന് വേണ്ടി വമ്പൻ മേക്കോവറാണ് അഖിൽ അക്കിനേനി നടത്തിയിരിക്കുന്നത്. ഹൈദരാബാദ്, ഡൽഹി, ഹംഗറി എന്നിവിടങ്ങളിലൊക്കെയായി ഷൂട്ട് ചെയ്ത ഈ ചിത്രം എകെ എന്റർടൈൻമെന്റ്സിന്റെയും സുരേന്ദർ 2 സിനിമയുടെയും ബാനറിൽ രാമബ്രഹ്മം സുങ്കരയാണ് നിർമ്മിക്കുന്നത്. പി ആർ ഓ: പ്രതീഷ് ശേഖർ.




# ലിംഗതുല്യതയുടെ സന്ദേശവുമായി ചുവർച്ചിത്രം; മുളയുടെ സാധ്യതകൾ ആവിഷ്കരിച്ച് ബാംബൂ പവലിയൻ



**കൊച്ചി:** മട്ടാഞ്ചേരി ജ്യൂ ടൗൺ റോഡിലെ ഇസ്മയിൽ വെയർ ഹൗസിൽ നടക്കുന്ന സീഡ് എപിജെ അബ്ദുൾ കലാം സ്കൂൾ ഓഫ് എൻവയോൺമെന്റൽ ഡിസൈനിലെ 200ലേറെ ആർക്കിടെക്ചർ വിദ്യാർത്ഥികളുടെ വാസ്തുശിൽപ്പകലാസൃഷ്ടികളുടെ പ്രദർശനം ആർക്കിടെക്റ്റുമാർ, വിദ്യാർത്ഥികൾ, കലാപ്രേമികൾ, ബിൽഡർമാർ എന്നിവരെ ഒരുപോലെ ആകർഷിക്കുമ്പോൾ പ്രദർശനത്തിന്റെ ഭാഗമായി സൃഷ്ടിച്ച ബാംബൂ പവലിയനും വലിയ ചുവർച്ചിത്രവും ആസ്വാദകരുടെ ശ്രദ്ധയാകർഷിക്കുന്നു.കേരള ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത് ക്യൂറേറ്റ് ചെയ്യുന്ന പ്രദർശനത്തിനു മുന്നോടിയായി ആറു ദിവസത്തെ ശിൽപ്പശാലയിലൂടെയാണ് 500 ച അടി വലിപ്പമുള്ള വമ്പൻ മുളവാസ്തുശിൽപ്പം നിർമിച്ചത്. പരിസ്ഥിതിസൗഹാർദവും നിലനിൽക്കത്തക്കതുമായ ബിൽഡിംഗ് മെറ്റീരിയൽ എന്ന നിലയിൽ കേരളത്തിൽ വൻസാധ്യതകളാണ് മുളയ്ക്കുള്ളതെന്ന് സ്കൂളിലെ അക്കാദമിക് ചെയർ രാജശേഖരൻ സി മേനോൻ ചൂണ്ടിക്കാട്ടി. ഈ പശ്ചാത്തലത്തിലാണ് മുളശിൽപ്പം ഒരുക്കിയിരിക്കുന്നത്. പ്രാകൃതരീതിയിൽ കയറട്ട് ബന്ധിപ്പിക്കുന്നതിനു പകരം സ്റ്റീൽ കേബ്ളുകൾ ഉപയോഗിച്ചാണ് ഇവ തമ്മിൽ ഘടിപ്പിച്ചിരിക്കുന്നത്. കാൻഡിലിയറായി ഉറപ്പിച്ചിരിക്കുന്നതിനാൽ അഗ്രഭാഗത്ത് തൂണുകളുമില്ല. ഇതൊരു കലാസൃഷ്ടി മാത്രമല്ലെന്നും മുളയുടെ ഉപയോഗ്യ സാധ്യതകളാണ് ശിൽപ്പത്തിലൂടെ ആവിഷ്കരിക്കുന്നതെന്നും രാജശേഖരൻ സി. മേനോൻ പറഞ്ഞു. അഹമ്മദാബാദിലെ തംബ് ഇംപ്രഷൻസ് കൊളാബൊറേറ്റീവാണ് ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകിയത്. സുസ്ഥിര ബിൽഡിംഗ് മെറ്റീരിയലുകളുടെ മേഖലയിൽ പ്രവർത്തിക്കുന്ന ഈ കൂട്ടായമയിൽ നിന്ന് ആർക്കിടെക്റ്റുമാരായ സങ്കൽപ്പ, അഹമ്മദാബാദ്, മനു നരേന്ദ്രൻ, ഹൈദ്രാബാദ്, മിലിന്ദ്, സൂറത്ത് എ്ന്നിവരാണ് വിദ്യാർത്ഥികളെ പരിശീലിപ്പച്ചത്.അതേസമയം ജെൻഡർ പാരിറ്റിയുടേയും (ലിംഗതുല്യത) നാനാത്വത്തിന്റേയും സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കാഞ്ചന, വർഷ, നന്ദിന, പൂർണിമ എന്നീ ട്രാൻസ്ജെൻഡർ കലാകാരന്മാരുടെ നേതൃത്വത്തിൽ പരീശിലനം കിട്ടിയ ഇരുപതോളം വിദ്യാർത്ഥികളാണ് 750 ച അടി വിസ്തൃതിയുള്ള ചുവർച്ചിത്രം വരച്ചത്. ബെംഗളൂരു ആസ്ഥാനമായി ട്രാൻസ്ജെൻഡർ കലാകാരന്മാർക്കായി പ്രവർത്തിക്കുന് അരവാണി ആർട് പ്രൊജക്റ്റിന്റെ ഭാഗമാണ് ഈ ട്രാൻസ്ജെൻഡർ കലാകാരന്മാർ. വർണവൈവിധ്യം എടുത്തുകാണിക്കുന്ന ഈ ചുവർച്ചിത്രം ഒറ്റനോട്ടത്തിൽത്തന്നെ നാനാത്വത്തിന്റെ വിളംബരമാണെന്ന് ബോധ്യമാകും.ഇവയ്ക്കൊപ്പം ഇരുന്നൂറോളം വാസ്തുശിൽപ്പകലാസൃഷ്ടികളും പ്രദർശനത്തിലുണ്ട്. പ്രദർശനം ഏപ്രിൽ 12ന് സമാപിക്കും. പ്രദർശന സമയം രാവിലെ

# ലോകട്രാൻസ്പ്ലാന്റ് ഒളിമ്പിക്സിൽ പങ്കെടുക്കാൻ ഡിനോയ് തോമസ്; ആശംസകളുമായി മുഖ്യമന്ത്രിയും മന്ത്രിമാരും



**കൊച്ചി :** ലോകട്രാൻസ്പ്ലാന്റ് ഒളിമ്പിക്സിൽ 5 കിലോമീറ്റർ മാരത്തണിൽ പങ്കെടുക്കാൻ പോകുന്ന ഡിനോയ് തോമസിന് ആശംകൾ നേർന്ന് മുഖ്യമന്ത്രി പിണറായി വിജയനും, മന്ത്രിമാരായ പി. രാജീവും, എം.ബി. രാജേഷും. എറണാകുളം ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ ജേഴ്സി കൈമാറിയാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡിനോയിക്ക് യാത്രയയപ്പ് നൽകിയത്.ഏപ്രിൽ 15 മുതൽ 21 വരെ ഓസ്ട്രേലിയയിലെ പെർത്തിലാണ് ലോകട്രാൻസ്പ്ലാന്റ് ഒളിമ്പിക്സ് നടക്കുന്നത്. അവയവം മാറ്റിവച്ചവർക്കും ദാതാക്കൾക്കുമായിട്ടാണ് ഇന്റർനാഷണൽ ഒളിമ്പിക് കമ്മിറ്റിയുടെ അംഗീകാരത്തോടെ ട്രാൻസ്പ്ലാന്റ് ഒളിമ്പിക്സ് സംഘടിപ്പിക്കുന്നത്. കേരളത്തിൽ നിന്ന് ആദ്യമായാണ് ഒരാൾ ഇതിൽ പങ്കെടുക്കന്നത്. ലിസി ആശുപത്രിയിലെ കാർഡിയോളജിസ്റ്റ് ഡോ. ജോ ജോസഫും മെഡിക്കൽ സംഘത്തിന്റെ ഭാഗമായി ഇന്ത്യൻ ടീമിനൊപ്പം പെർത്തിലേക്ക് പോകുന്നുണ്ട്.കഴിഞ്ഞ ഡിസംബറിൽ കൊച്ചിയിൽ നടന്ന സ്പൈസ് കോസ്റ്റ് മാരത്തണോനോടനുബന്ധിച്ച് സംഘടിപ്പിച്ച 5 കിലോമീറ്റർ ഓട്ടം വിജയകരമായി പൂർത്തീകരിച്ച ഡിനോയ് തോമസിനെ അഭിനന്ദിച്ചു കൊണ്ട് മാസ്റ്റർ ബ്ലാസ്റ്റർ സച്ചിൻ ടെൻഡുൽക്കർ ട്വീറ്റ് ചെയതിരുന്നു.ഒൻപത് വർഷങ്ങൾക്കു മുൻപ്, കൃത്യമായി പറഞ്ഞാൽ 2013 സെപ്റ്റംബർ 20 ന് ആണ് കളമശ്ശേരി കൈപ്പടമുഗൾ സ്വദേശി ഡിനോയ് തോമസിന് (39)എറണാകുളം ലിസി ആശുപത്രിയിൽ ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ നേതൃത്വത്തിൽ ഹൃദയം മാറ്റി വച്ചത്. തൃശൂർ അയ്യന്തോൾ സ്വദേശി ലിബുവിന്റെ ഹൃദയമാണ് ഡിനോയിയിൽ ഇപ്പോൾ മിടിക്കുന്നത്. ഡൈലേറ്റഡ് കാർഡിയോമയോപതി എന്ന അസുഖം മൂലം നടക്കുവാൻ പോലും കഴിയാത്ത അവസ്ഥയിൽ നിന്നും ഇപ്പോൾ സ്വന്തമായി അധ്വാനിച്ച് കുടുംബം പുലർത്തുവാൻ ഡിനോയിക്ക് സാധിക്കുന്നു. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ശേഷം 2015 സെപ്റ്റംബറിൽ കളമശേരി ടൊയോട്ടയിൽ ഡ്രൈവർ ആയി ജോലിക്ക് കയറിയ ഡിനോയ് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ ഇന്നോവ, ഫോർച്ച്യൂണർ എന്നിവ അടക്കമുള്ള വലിയ വാഹനങ്ങൾ തനിയെ ഓടിച്ചു പോകും. സാധാരണയായി വൈകിട്ട് 6 മണിക്ക് അവസാനിക്കുന്ന ജോലിക്ക് ശേഷം സമയം ഒട്ടും കളയാതെ രാത്രി 11 വരെ ഡിനോയി എച്ച്. എം. റ്റി ജംഗ്ഷനിൽ ഓട്ടോറിക്ഷ ഓടിക്കുന്നുണ്ട്.അവയവദാനത്തിന്റെ മഹത്വം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഡോ. ജോസ് ചാക്കോ പെരിപ്പുറം ചെയർമാനായുള്ള ഹാർട്ട്കെയർ ഫൗണ്ടേഷൻ ആണ് ഈ യാത്രയ്ക്ക് മുൻകൈ എടുക്കുന്നത്. ഡിനോയിയുടെ യാത്രാ ചെലവുകൾ വഹിക്കുന്നത് അദ്ദേഹം ജോലി ചെയ്യുന്ന നിപ്പോൺ ടൊയോട്ടാ ഗ്രൂപ്പ് ആണ്.ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വേണമെന്ന് ഡോക്ടർമാർ പറഞ്ഞപ്പോൾ മനസ്സ് പതറിപ്പോയ ഡിനോയിക്ക് ധൈര്യം പകർന്ന് അന്ന് കൂടെ നിന്നത് പ്രശസ്ത സിനിമാതാരവും എം. പി. യുമായിരുന്ന ഇന്നസെന്റ് ആയിരുന്നു. ഇന്നസെന്റ് അന്ന് കാണുവാൻ എത്തിയതും ചേർത്ത് പിടിച്ച് തന്റെ സ്വതസിദ്ധമായ നർമ്മം കലർന്ന ശൈലിയിലൂടെ ആത്മവിശ്വാസം പകർന്ന് നൽകിയതും ഡിനോയ് ഇന്നും നന്ദിയോടെ ഓർക്കുന്നുണ്ട്.ഹൃദയം മാറ്റിവയ്ക്കൽ ശസ്തക്രിയ കഴിഞ്ഞ ആദ്യനാളുകളിൽ ഓട്ടോ ഓടിക്കുവാൻ കഴിയാതെ വീട്ടിലിരുന്നപ്പോൾ ഡേറ്റ എൻട്രി നടത്തി വരുമാനം ഉണ്ടാക്കുന്നതിനായി അന്ന് രാജ്യസഭ എം.പി യായിരുന്ന പി. രാജീവ് ഡിനോയിക്ക് ലാപ്ടോപ്പ് സമ്മാനിച്ചിരുന്നു.ഹൃദയം മാറ്റിവെയ്ക്കൽ പോലുള്ള ശസ്ത്രക്രിയകൾക്ക് ശേഷം രോഗികൾക്ക് സാധാരണ ജീവിതം നയിക്കുവാൻ കഴിയില്ല എന്ന് ചിലർ നടത്തുന്ന കുപ്രചരണങ്ങൾക്കുള്ള മറുപടി കൂടിയാണ് ഡിനോയ് നൽകുന്നതെന്ന് ഡോ. ജോസ് ചാക്കോ പെരിയപുറം പറഞ്ഞു.ലിസി ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ നന്ദി പറഞ്ഞ ചടങ്ങിൽ ഡോ. റോണി മാത്യു കടവിൽ, രാജു കണ്ണമ്പുഴ, ജോർജ് നോവൽറ്റി, വി.ആർ. രാജേഷ്, ജെറി ജേക്കബ്ബ് മാത്യു എന്നിവരും ഡിനോയ് തോമസിന്റെ കുടുംബവും പങ്കെടുത്തു.

# ലഹരിമുക്ത കാമ്പസ് പ്രചാരണവുമായി സൗത്ത് ഇന്ത്യൻ ബാങ്ക്



**കൊച്ചി:**ലഹരി ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് നടത്തിവരുന്ന പ്രചാരണത്തിന് പത്തനംതിട്ട ജില്ലയിൽ തുടക്കമായി. പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട കൊടുമൺ എം.ജി.എം സെൻട്രൽ സ്കൂളിലും ജൂനിയർ സ്കൂളിലും ലഹരി മുക്ത കാമ്പസ് പരിപാടി സംഘടിപ്പിച്ചു.പത്തനംതിട്ട എക്സൈസ് പ്രിവന്റീവ് ഓഫീസർ പ്രഭാകരൻ പിള്ള വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ സെഷൻ നടത്തി. എംജിഎം സെൻട്രൽ സ്കൂൾ ആൻഡ് ജൂനിയർ കോളജ് അഡ്മിനിസ്ട്രേറ്റർ ജോൺ സാമുവൽ, എംജിഎം സെൻട്രൽ സ്കൂൾ ആൻഡ് ജൂനിയർ സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി സ്മിത രാജ്, സൗത്ത് ഇന്ത്യൻ ബാങ്ക് ചീഫ് മാനേജർ അജിഷ് കെ ചന്ദ്രൻ, സീനിയർ മാനേജർ ജിഷ ഡീന ജോൺ, എസ്ഐബി റീജിയണൽ ഓഫീസ് തിരുവല്ല, ബ്രാഞ്ച് ഹെഡ് ശ്രീമതി ദിവ്യ എൻ മേനോൻ, എസ്ഐബി ഏഴംകുളം, എസ്ഐബി കൊടുമൺ ബ്രാഞ്ച് ഹെഡ് ശ്രീ ജോമോൻ ടി ജോൺ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സാമൂഹ്യ ഉത്തരവാദിത്ത പദ്ധതിയുടെ ഭാഗമായാണ് ലഹരി മുക്ത കാമ്പസ് പ്രചാരണം.വർധിച്ചു വരുന്ന ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാൻ സംസ്ഥാന വ്യാപകമായി സർക്കാർ നടത്തിവരുന്ന ലഹരി വിരുദ്ധ പ്രചാരണത്തിന് പിന്തുണ നൽകുകയാണ് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ലക്ഷ്യമെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് അധികൃതർ വ്യക്തമാക്കി.

# ഇന്ത്യൻ കമ്പനികൾക്ക് സ്പാനിഷ് നിക്ഷേപ അവസരം; ടെക്നോപാർക്കിൽ സന്ദർശനവുമായി സ്പെയിൻ പ്രതിനിധികൾ

## സ്പെയിൻ ഇക്കണോമിക് ആൻഡ് കൊമേഴ്സ്യൽ ഓഫീസ് മുംബൈയിൽ നിന്നുള്ള സംഘമാണ് ടെക്നോപാർക്കിലെത്തി ചർച്ച നടത്തിയത്




**തിരുവനന്തപുരം:** ഇന്ത്യൻ കമ്പനികൾക്ക് സ്പെയിൻ സർക്കാർ നൽകുന്ന സ്പാനിഷ് നിക്ഷേപ അവസരങ്ങളും ആനുകൂല്യങ്ങളും ചർച്ച ചെയ്യാൻ സ്പെയിൻ സംഘം ടെക്നോപാർക്കിലെത്തി. സ്പെയിൻ ഇക്കണോമിക് ആൻഡ് കൊമേഴ്സ്യൽ ഓഫീസ് മുംബൈയിൽ നിന്നുള്ള സംഘമാണ് ടെക്നോപാർക്കിലെത്തി ചർച്ച നടത്തിയത്.കൊമേഴ്സ്യൽ കൗൺസിലർ വെനേസ അൽവാരസ് ഫ്രാങ്കോ, മാർക്കറ്റ് അനലിസ്റ്റ് പദ്മ കിരാണി, ട്രേഡ് അഡ്വൈസർ മാരിയോ ഗോൺഡാലെസ് പദെലിയ, അഡ്മിനിസ്ട്രേറ്റീവ് എക്സിക്യൂട്ടീവ് മഹാലക്ഷ്മി മനോജ് നായർ എന്നിവരായിരുന്നു സ്പെയിൻ സംഘത്തിലുണ്ടായിരുന്നത്. കേരളത്തിലെ ഐ.ടി കമ്പനികളുടെ കൂട്ടായ്മയായ ജിടെക്കിൽ അംഗങ്ങളായ വിവിധ കമ്പനി പ്രതിനിധികൾ, ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട), കേരളാ ഐ.ടി പാർക്ക്സ് സി.എം.ഒ മഞ്ജിത്ത് ചെറിയാൻ, ജിടെക് സി.ഇ.ഒ വിഷ്ണു വി. നായർ, ബിഡി.എഫ്.ജി കൺവീനർ മനേഷ് വി.എസ്, വൈസ് ചെയർമാൻ റിച്ചാർഡ് ആന്റണി, പാർക്ക് സെന്റർ ഒഫീഷ്യൽസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.